വദിക്കരുതെന്ന് ഗവൺമെൻറിനെ എഴുതി അറിയിക്കുകയും ഈ വിവരം 31-10-1978-ൽ ഗവൺമെൻറ് ശ്രീ. ഹർക്കൗളിയെ എഴുതി അറിയിക്കുകയും ചെയ്തു. കേന്ദ്ര ജല കമ്മീഷൻ അണക്കെട്ട് ബലപ്പെടുത്തുന്നതിനുള്ള നിർദ്ദേശം തമിഴ് നാട് ഇറിഗേഷൻ ചീഫ് എൻജിനീയർക്ക് അഭിപ്രായത്തിനായി 20-8-1978-ൽ അയച്ചതായി കമ്മീഷൻറെ 26-2-1979-ലെ കത്തു പ്രകാരം സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചു. അതിനുശേഷം 13-6-1979-ൽ സംസ്ഥാന ഗവൺമെൻറ് കേന്ദ്രജല കമ്മീഷനെ ഓർമ്മപ്പെടുത്തുകയുണ്ടായി. 19-6-1979-ൽ തമിഴ്നാട് ഗവൺമെൻറിൻറെ അഭിപ്രായം ലഭിച്ചില്ലായെന്ന് കമ്മീഷൻ മറുപടി നൽകി. വീണ്ടും സംസ്ഥാന ഗവൺമെൻറ് 18-7-1979-ൽ കേന്ദ്ര ജലകമ്മീഷനെ ഓർമ്മിപ്പിച്ചു. അതിന് മറുപടി 4-8-1979-ൽ ലഭിച്ചതിലും തമിഴ്നാട് ഗവൺമെൻറിൻറെ അഭിപ്രായം കിട്ടിയിട്ടില്ലാ എന്നാണ് അറിയിച്ചത്. പിന്നീട് 27-9-1979-ൽ എല്ലാ വിശദവിവരങ്ങളും കാണിച്ചുകൊണ്ടും അണക്കെട്ട് വളരെവേഗം ബലപ്പെടുത്തേണ്ടതിൻറെ ആവശ്യകത ചൂണ്ടിക്കാണിച്ചുകൊണ്ടും ചീഫ് സെക്രട്ടറി കേന്ദ്രജലകമ്മീഷൻ ചെയർമാന് കത്ത് അയക്കുകയുണ്ടായി. മലയാള മനോരമയിലെ വാർത്ത 17-10-1979-ൽ ചേർന്ന മന്ത്രിസഭായോഗം പരിഗണിച്ചു. പ്രശ്നത്തിൻറെ ഗൗരവാവസ്ഥ ചൂണ്ടിക്കാണിച്ചുകൊണ്ട് അണക്കെട്ടിൻറെ ബലപ്പെടുത്തൽ പണി ഏറ്റവും വേഗം നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശം കേന്ദ്രജലകമ്മീഷനും തമിഴ്നാട് സർക്കാരിനും നൽകണമെന്നും അതിലേക്കായി ഇടപെടണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി 17-10-1979-ൽ കേന്ദ്ര കൃഷി ജലസേചന വകുപ്പ് മന്ത്രിക്ക് എഴുതി. അന്നു തന്നെ അണക്കെട്ടിൻറെ ബലപ്പെടുത്തൽ പണി ഏറ്റവുംവേഗം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി തമിഴ് നാട് മുഖ്യമന്ത്രിക്കും എഴുതുകയുണ്ടായി.

III. റിപ്പോർട്ട് സമർപ്പണം

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. എ. എ. റഹീം: പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 29-ാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

IV. നിയമനിർമ്മാണകാര്യം

1979-ലെ കേരള പോലീസ് (രണ്ടാം ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. ദേവസ്സിക്കുട്ടിക്ക് കഴിഞ്ഞ ദിവസത്തെ പ്രസംഗം തുടരാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, 1979-ലെ പോലീസ് സെക്കൻറ് അമെൻറുമെൻറു ബില്ലിനെക്കുറിച്ചുള്ള ചർച്ച നടന്നു കൊണ്ടിരിക്കുമ്പോഴാണ് കഴിഞ്ഞ ദിവസം സഭ നിറുത്തി വച്ചത്. സർ, ഈ നിയമം ഈ നിയമ സഭയിൽ കൊണ്ടുവന്നത് ഇപ്പോൾ അവിടെനിന്നു പ്രസംഗിക്കുന്ന മുൻമുഖ്യമന്ത്രി തന്നെയാണ്. അദ്ദേഹം മുഖ്യമന്ത്രിയായിരു

LIBRARY ARCHIVES Kerala Legislative Assembly

ക്കുമ്പോഴത്തന്നെയാണ് ഈ പോലീസ് സെക്കൻറ് അമെൻറുമെൻറ് ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ചത്. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. പി. കെ. വാസുദേവൻ നായർ പറഞ്ഞു, ഇതു വളരെ ആവശ്യമുള്ള ഒരു ബില്ലാണ്, ഇത് ഈ സംസ്ഥാനത്തെ നീതിന്യായ നിയമപരിപാലനത്തിന് അത്യന്താപേക്ഷിത മായിട്ടുള്ള ഒരു ബില്ലാണ്, അതുകൊണ്ട് ഇത്രയും പ്രധാനപ്പെട്ട ഈ ബിൽ ചർച്ചകൂടാതെ പാസാക്കിത്തരണമെന്ന്. അന്നു അങ്ങനെ പറഞ്ഞ മുൻമുഖ്യ മന്ത്രിയാണ് ഇപ്പോഴും അവിടെനിന്ന് ഈ ബില്ലിൻെറ ചർച്ചയ്ക്ക് തടസ്സം മുണ്ടാക്കുന്നതെന്നു കാണുമ്പോഴും എത്ര ലജ്ജാവഹമാണ്. ഒരു മിനിട്ടു പോലും എടുക്കാതെ, ചർച്ചപോലും ചെയ്യാതെ ഇതു പാസാക്കിത്തരണ മെന്ന് ആവശ്യപ്പെട്ടതാണ്. ഈ രാജ്യത്ത് കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവശ്യമായ ഒരു ബില്ലാണെന്നും ഇതു നിയമസമാധാന പാലനത്തിന് ആവശ്യമായ ബില്ലാണെന്നും അതുകൊണ്ട് പതിവുപോലെ ദീർഘിപ്പിച്ച് പ്രസംഗിച്ച് സമയം കളയാതെ ഒരു മിനിട്ടുകൊണ്ടു പാസാക്കിത്തരണ മെന്നും പറഞ്ഞ ശ്രീ. പി. കെ. വാസുദേവൻ നായർ ഇപ്പോൾ അവിടെനിന്നു ബഹളം കൂട്ടുകയാണ്. ഇതു ന്യായമാണോ, ശരിയാണോ, ഇത് ഒരു മുഖ്യമന്ത്രിയായിരുന്ന ആളിന് യോജിച്ചതാണോ?

എന്തായാലും ഞാൻ ഈ ബില്ലിലെ വ്യവസ്ഥകളിലേക്ക് കടക്കുക യാണ്. ഇൻഡ്യൻ പീനൽ കോഡിൽ ചില കുറ്റങ്ങൾ നിർവചിച്ചിട്ടുണ്ട്, ഈ ബില്ലിൻെറ ഉദ്ദേശലക്ഷ്യങ്ങളിൽ At present there is no effective provision either in the Kerala Police Act or in any other law applicable to this State to proceed against any person who is in possession of stolen property or property fradulently obtained and foe the possession of which he fails satisfactorily to account. It is therefore proposed to make a suitable provision for the purpose എന്നു പറയുന്നു.

സർ, ഇൻഡ്യൻ പീനൽകോഡനുസരിച്ച് സ്റ്റോളൻ പ്രോപ്പർട്ടിയോ അല്ലെങ്കിൽ വഞ്ചനമൂലം പിടിച്ചെടുത്തു സമ്പാദിച്ച മുതലോ ആരുടെ യെങ്കിലും കൈവശത്തിൽ കാണുകയാണെങ്കിൽ ആ കൈവശത്തെ സംബന്ധിച്ച്, അത് എങ്ങനെ കൈവശത്തിൽ എത്തിയെന്നുള്ളതിനെ സംബന്ധിച്ച് അയാൾക്ക് വിശദീകരണം നൽകാൻ സാധിക്കാതെ വരിക യാണെങ്കിൽ ആ വ്യക്തിക്ക് ആ കാര്യത്തിന് ശിക്ഷ നൽകണമെന്നാണ് ഈ ബില്ലിൻെറ ഉദ്ദേശ ലക്ഷ്യത്തിൽ പറയുന്നത്. ഈ ബില്ലിൻെറ ഉദ്ദേശലക്ഷ്യങ്ങളിൽ പറയുന്നത് അങ്ങനെയാണെങ്കിൽ സ്റ്റോളൻ പ്രോപ്പേർട്ടിയെന്നുള്ളത് ഇൻഡ്യൻ പീനൽകോഡിൽ വളരെ വ്യക്തമായി നിർവചിച്ചിട്ടുണ്ട്. ഐ. പി. സി. യിലെ സെക്ഷൻ 410 ഞാൻ വായി ക്കുകയാണ്.

Stolen property:—Property the possession whereof has been transferred by theft, or by extortion or by robbery, and property which has been criminally misappropriated or in respect of which criminal breach of trust has been committed is designated as 'Stolen property'.

Again in Section 411 I.P.C. "Section 411. *Dishonestly receiving stolen property*.—Whoever dishonestly receives or retains any stolen property knowing or having reason to believe the same to be stolen property, shall be punished with imprisonment of either description for a term which may extend to 3 years, or with fine or with both."

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഈ നിയമം പാസാക്കേണ്ടത് ആവശ്യമാണ്. ഈ സംസ്ഥാനത്ത് കുറ്റകൃത്യങ്ങളും കുറയ്ക്കുന്നതിന് ഏറ്റവും അത്യാവശ്യമായ ഒരു നിയമനിർമ്മാണമായതുകൊണ്ട് ഇതു പാസാക്കേണ്ടതാണ്. ഇത് ഏറ്റവും പ്രാധാന്യം നൽകിക്കൊണ്ട് പാസാക്കേണ്ട ഒരു നിയമനിർമ്മാണമാണ്. അതുകൊണ്ട് ഈ സംസ്ഥാനത്തിന്റെ നിയമസമാധാന പാലനത്തിന്റെ താൽപ്പര്യം വച്ചുകൊണ്ട് ഇതു പാസാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, അങ്ങിരിക്കുന്നത് സ്പീക്കറുടെ കസേരയിലാണ്. അങ്ങ് അലങ്കരിക്കുന്ന ആ മഹത്തായ സ്ഥാനത്തെ കളങ്കപ്പെടുത്തുന്ന നിലയിൽ അങ്ങ് പ്രവർത്തിക്കരുത്. ഞാൻ സംസാരിക്കുന്നത് ശ്രീമാൻ ചാക്കീരി അഹമ്മദ്കുട്ടിയോടല്ല, നേരേമറിച്ച് ബഹുമാനപ്പെട്ട സ്പീക്കറോടാണ്. അങ്ങ് ഞങ്ങടെ ഉന്നയിക്കുന്നത് കേൾക്കാൻ ബാദ്ധ്യസ്ഥനാണ്. സഭ നിറുത്തിവച്ചുകൊണ്ട് ഞങ്ങളെ അങ്ങയുടെ ചേമ്പറിലേക്ക് ക്ഷണിച്ചു. ഞങ്ങടെ ചേമ്പറിൽവന്നു, യോഗം കൂടി. തിരിച്ചുവന്നു ഇതൊന്നും അറിയാത്തമട്ടിൽ മുന്നോട്ടുപോകാനാണ് അങ്ങ് തീരുമാനിക്കുന്നതെന്നു ഞങ്ങടെ കണ്ടു. അങ്ങ് അവിടെ നടന്ന കാര്യം ഇവിടെ പറയുമെന്നാണ് ഞങ്ങടെ പ്രതീക്ഷിച്ചത്. ഞങ്ങളെ ചേമ്പറിലേക്ക് ക്ഷണിച്ചശേഷം അവിടെ നടന്ന ചർച്ചകളെപ്പറ്റി അങ്ങു പറയുമെന്ന് പ്രതീക്ഷിച്ചു. അതൊന്നും അറിയാത്ത മട്ടിൽ സ്റ്റീംറോളർ ചെയ്തു ഈ സഭാനടപടികളും മുന്നോട്ടുകൊണ്ടുപോകാൻ അങ്ങ് ഭരണകക്ഷിക്ക് കൂട്ടു നിൽക്കുകയാണ് ചെയ്തത്. സർ, കേരള നിയമസഭയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിൽ ഒരു സ്പീക്കറും ചെയ്യാത്ത നിലയിൽ പ്രതിപക്ഷത്തിന്റെ പ്രവർത്തന സ്വാതന്ത്ര്യത്തെ ഇതുപോലെ സ്റ്റീംറോളർ ചെയ്യാൻ അങ്ങ് തയ്യാറായതിൽ ഖേദമുണ്ട്.

മി. സ്പീക്കർ: പ്രതിപക്ഷത്തിന്റെ അധികാരങ്ങളേയോ അവകാശങ്ങളേയോ ഒരു വിധത്തിലും സ്റ്റീംറോളർ ചെയ്തിട്ടില്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇപ്പോഴും ഇവിടെ നടക്കുന്നത് എന്താണ് ?

മി. സ്പീക്കർ: സഭാനടപടികളും നല്ല നിലയിൽ കൊണ്ടുപോകാൻ എല്ലാ അംഗങ്ങളും സഹകരിക്കണമെന്നു ഞാൻ വളരെ പ്രാവശ്യം അഭ്യർത്ഥിച്ചു. അതിന് എല്ലാവരും സഹകരിക്കണം.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇന്നു ഞങ്ങടെ ഇവിടെ ഉന്നയിച്ചത് ഈ രാജ്യത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു രാഷ്ട്രീയ പ്രശ്നമാണ്. ഞങ്ങടെ ഇവിടെ മറ്റൊന്നും ഉന്നയിച്ചിട്ടില്ല. അങ്ങനെയൊരു പ്രശ്നം ഉന്നയിച്ചപ്പോഴും ഗവൺമെന്റിലുള്ള അപ്പുറത്തിരിക്കുന്നവർക്ക് അതിനു തക്കതായ സമാധാനം പറയാൻ ഇല്ലെന്നുമാത്രമല്ല തികഞ്ഞ പാപ്പരത്വം പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങടെക്ക് നയമില്ല, പരിപാടിയില്ല, ഞങ്ങടെ ഇവിടെ ചടഞ്ഞുകൂടിയിരിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നാണ് പറഞ്ഞത്. ഇങ്ങനെയുണ്ടോ ഒരു ഗവൺമെന്റ് ? ഞങ്ങടെക്ക് നയമില്ല എന്നു പറയുന്നു. ഇങ്ങനെയൊരു ഗവൺമെന്റ് ഇതഃപര്യന്തം ഇവിടെയുണ്ടായിട്ടില്ല. ഇങ്ങനെയൊരു മറുപടി മുഖ്യമന്ത്രിയിൽനിന്നു കിട്ടിയതിനുശേഷം ഞങ്ങടെ കയ്യുംകെട്ടി സമാധാനമായി ഇരിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണോ പറയുന്നത് ? അതുകൊണ്ട് വീണ്ടും മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്, ഒരു നയമുണ്ടാക്കാൻ നിങ്ങൾക്ക് ഇന്നു കഴിയുമോ, നാളെ കഴിയുമോ, മറ്റെന്നാൾ കഴിയുമോ എന്ന്. ഈ നിയമസഭയുടെ മുൻപിൽ ഒരു നയവുമായി വന്നാൽമതി. അതുവരെ നിയമസഭ നിറുത്തിവയ്ക്കാം. ഇത് ഈ രാജ്യത്തിന്റെ പ്രശ്നമാണ്. അങ്ങനെയൊരു നയപരിപാടിയുണ്ടാക്കാൻ വാസ്തവത്തിൽ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. ആ ബുദ്ധിമുട്ടുകൾ തരണം ചെയ്യാൻ ആവശ്യമുള്ള സമയം എടുക്കട്ടെ. എന്നിട്ട് ഒരു നയപരിപാടിയുമായി സഭയുടെ മുൻപിൽവരട്ടെ. മുഖ്യമന്ത്രി എന്തുചെയ്യാൻ ആഗ്രഹിക്കുന്നു, അതു ഞങ്ങൾക്ക് അറിയണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സ്ഥാനത്തിന് അലങ്കോലം വരത്തക്കരീതിയിൽ പെരുമാറരുതെന്നാണ് എനിക്ക് പറയാനുള്ളത്.

(ബഹളം)

ശ്രീ. പി. കെ. വാസുദേവൻ നായർ: ഭരണകക്ഷി പറയുന്നതുകേട്ടു മാപ്പുസാക്ഷിയായി ഇരിക്കുന്നതാണ്, പ്രതിപക്ഷനേതാവിന്റെ കടമയെങ്കിൽ അതിനു ഞങ്ങളെ കിട്ടുകയില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്, നേരെമറിച്ച് ഞങ്ങളുടെ അഭിപ്രായം സ്വാതന്ത്ര്യമായും ധീരമായും ഈ സഭയിൽ പ്രകടിപ്പിക്കുന്നത് മാന്യതയ്ക്ക് ചേർന്നതല്ലെന്നാണ് അങ്ങയുടെ അഭിപ്രായമെങ്കിൽ അങ്ങയോടുള്ള എല്ലാ ബഹുമാനത്തോടും കൂടി അങ്ങയുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. മുഖ്യമന്ത്രി എന്തു പറയുന്നു സർ ?

(ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പ്രതിപക്ഷനേതാവു പറഞ്ഞ കാര്യങ്ങളെപ്പറ്റി ഒന്നും പറയാതെ സഭാനടപടികൾ വീണ്ടും തുടരുകയാണ്. ഇവിടെ സർക്കാരിനു നയമില്ലെന്നു പറഞ്ഞു. ഈ സഭയ്ക്കു ചട്ടമുണ്ട്. സഭയ്ക്ക് ചില വഴക്കങ്ങളുണ്ട്. അങ്ങ് ഞങ്ങളെ അങ്ങയുടെ ചേമ്പറിൽ വിളിച്ചു ചോദിച്ചതിനുശേഷം ഈ ഗവൺമെൻറിനു നയം ഉണ്ടാക്കി പ്രഖ്യാപിക്കാറായിട്ടില്ലെന്ന് അവിടെവച്ചും ഞങ്ങളോടുപറഞ്ഞു. അങ്ങനെ നയമില്ലാത്ത ഗവൺമെൻറ് ഈ രാജ്യത്തു നയമില്ലായ്മ നടത്തുന്നു. അതേസമയത്ത് ചിലർ ചില നയങ്ങൾ പ്രഖ്യാപിക്കുകയാണ്. സർ, ആർ. എസ്. എസ്. നോട് ഈ സർക്കാരിന്റെ നയമെന്താണ് ? (ബഹളം) ഭാസ്കരൻ നായർ അപ്പുറത്ത് ഇരിപ്പുണ്ട്. (ബഹളം) ഇതെല്ലാം ഞങ്ങൾക്ക് അറിയാൻ ആഗ്രഹമുണ്ട്. അതൊന്നും പ്രഖ്യാപിക്കാതെ ബഹളത്തിനിടയിൽ സഭാനടപടികൾ തുടരാനാണ് അങ്ങ് തീരുമാനിച്ചത്. ആ തീരുമാനം ശരിയല്ലെന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. പ്രതിപക്ഷത്തിന്റെ അവകാശം സംരക്ഷിക്കൽ കൂടിയാണ് സഭയുടെ അന്തസ് പാലിക്കാനുള്ള മാർഗ്ഗം. അതല്ലാതെ ഭരണകക്ഷികാണിക്കുന്ന തോന്ന്യാസത്തിന് അരുനിൽക്കുക മാത്രമല്ല. അതുകൊണ്ട് ഞങ്ങൾക്കു പറയാനുള്ള സംഗതികൾ കേട്ട് ഈ ഗവൺമെൻറിനു നയമില്ലെങ്കിൽ തയ്യാറാക്കി പ്രഖ്യാപിച്ചതിനുശേഷം സഭാനടപടികൾ തുടർന്നാൽ മതി. നയമില്ലാത്ത സഭാനടപടിയിൽ അങ്ങു സഹകരിക്കുന്നതു ശരിയല്ല. അതിനെപ്പറ്റി യാതൊന്നും സംസാരിക്കാതെ സഭാനടപടികൾ തുടരാൻ തീരുമാനിച്ചതു ശരിയല്ല. അതിനെ സംബന്ധിച്ച അഭിപ്രായങ്ങളാണ് ഇവിടെ വേണ്ടത്. അതല്ലാതെ നിങ്ങൾ എന്തു പറഞ്ഞാലും ശരി ഞങ്ങൾ വകവയ്ക്കുകയില്ല. ഭരണകക്ഷി ഇഷ്ടംപോലെ തോന്ന്യാസം നടത്തിക്കൊള്ളട്ടെ എന്ന നിലയ്ക്ക് അങ്ങു കൂട്ടുനിൽക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇടയാകരുത് എന്നാണ് അങ്ങയോടുള്ള വിനീതമായ അഭ്യർത്ഥന. ഞങ്ങൾക്കു പറയാനുള്ളതു പറയാനുള്ള അവസരം തരാതെ, ചുരുക്കെഴുത്തുകാർക്ക് ചുരുക്കെഴുത്തിൽ എഴുതാനുള്ള സൗകര്യം കൊടുക്കാതെ ബഹളത്തിനിടയിൽ ഒരു മെമ്പറും അതിനു മറുപടി പറഞ്ഞുകൊണ്ട് മുഖ്യമന്ത്രിയും പ്രസംഗിക്കുക— ഈ രൂപത്തിൽ സഭാനടപടികൾ നടത്തുന്നതു ശരിയല്ല.

മി. സ്പീക്കർ: എന്നെ സംബന്ധിച്ചിടത്തോളം സ്പീക്കർ എന്നുള്ള നിലയിൽ ഞാൻ നിഷ്പക്ഷമായി കാര്യങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്, ചെയ്യുകയും ചെയ്യും.

(ബഹളം)

പ്രതിപക്ഷം ചെയ്യുന്നതാണെങ്കിലും ഭരണകക്ഷി ചെയ്യുന്നതാണെങ്കിലും എല്ലാ പ്രവൃത്തികൾക്കും അരുനിൽക്കുക സ്പീക്കർക്കു സാദ്ധ്യമല്ല. ന്യായമായി ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തനം നടത്തുമ്പോൾ സ്പീക്കർ നിഷ്പക്ഷമായി കാര്യങ്ങൾ കൈകാര്യം ചെയ്യും. ആ കാര്യത്തിൽ ആർക്കും സംശയം വേണ്ട. പക്ഷെ, ഇന്ന് ഇവിടെ എന്തു നടക്കുന്നു എന്നുള്ളതു ഞാൻ പറയുന്നില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാൻ അനുവദിക്കാത്ത സ്പീക്കർ എന്തു സ്പീക്കറാണു സർ. പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാനുള്ള അവകാശം ഈ സഭയിലെ ഒരംഗത്തിനില്ലെന്നാണോ പറയുന്നത് ?

മി. സ്പീക്കർ: പറയുന്നതു കേൾക്കാൻ തയ്യാറാകണം. സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണമെന്ന് എല്ലാഭാഗത്തോടും ഞാൻ അഭ്യർത്ഥിച്ചു. കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനു ഭംഗംവരുത്തുന്ന പ്രവർത്തനങ്ങൾ ഉണ്ടാകുമ്പോൾ അത് അനുവദിക്കണമെന്നുണ്ടോ പ്രതിപക്ഷം പറയുന്നത്.

(ബഹളം)

ശ്രീ. പി. കെ. വാസുദേവൻ നായർ: ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. സഭാനടപടികൾ നടത്തുന്നതിന് അങ്ങയുടെ ബുദ്ധിമുട്ട് പറഞ്ഞു. ഞങ്ങൾ എല്ലാവരും പ്രതീക്ഷിച്ചതാണോ സർ അങ്ങ് ഈ സഭയിൽ തിരിച്ചു വന്നതിനുശേഷം നടപ്പാക്കിയത്. പാർട്ടിനേതാക്കൻമാരെ അങ്ങു ക്ഷണിച്ചു. ഇവിടെ ഒരു ദുർഘടസന്ധി ഉണ്ടായപ്പോഴാണ് അങ്ങ് ക്ഷണിച്ചത്. അവിടെ ഒരു ചർച്ച നടന്നു. തീരുമാനം എന്തോ ആകട്ടെ. അങ്ങയുടെ ഒരു കടമയായിരുന്നു, തിരിച്ചുവന്ന ഉടനെ സഭയോട് ഒന്ന് അഭ്യർത്ഥിക്കുക. അതൊന്നും ചെയ്യാതെ, ഒന്നും അറിയാത്ത മട്ടിൽ സർ, ഒരു സ്റ്റീം റോളർ പോലെ ചെയ്തത് ശരിയാണോ സർ ?

മി. സ്പീക്കർ: സൗഹാർദ്ദപരമായ ഒരു നിലപാടുണ്ടാകാൻ വേണ്ടിയാണ് സഭ അൽപസമയം നിറുത്തിവച്ച് നേതാക്കൻമാരെ വിളിച്ചത്. സംഭാഷണത്തിൽ സൗമനസ്യത്തോടുകൂടിയുള്ള ഒരു തീരുമാനമുണ്ടായില്ലെങ്കിൽ സഭാനടപടികൾ നടത്തികൊണ്ടു പോകണ്ടേ ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ശരിയാണു സർ സമ്മതിച്ചു. ഇവിടെ ആരോ പ്രസംഗിച്ചതായും മന്ത്രി മറുപടി പറഞ്ഞതായും ആരോ പറഞ്ഞുകേട്ടു. ശ്രീ. രാമകൃഷ്ണൻ പറഞ്ഞതുപോലെ അത് ഇവിടെ കുറിച്ചെടുത്തുപോലും കാണുകയില്ല. അങ്ങനെ ഈ സഭാനടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

നടക്കുമോ സർ. അങ്ങനെ സഭാനടപടികളും നടത്താൻ സാധിക്കുമോ, ആരു വിചാരിച്ചാലും കഴിയുമോ ? ഇല്ല സർ ഞങ്ങളും ഇവിടെ ഉന്നയിച്ച പ്രസക്തമായ പ്രശ്നത്തിന് ഇവിടെ ഒരു മറുപടിയില്ല. ശ്രീ. ആർ. എസ്. ഉണ്ണി ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചു അത് അങ്ങ് അനുവദിച്ചില്ല. ഇവിടെ ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാൻ പറ്റുകയില്ല. ഞങ്ങൾക്കു സംസാരിച്ചുകൂടാ. സർ, ഫലത്തിൽ ഓപ്പോസിഷനെ gag ചെയ്യുകയാണ്, ഓപ്പോസിഷനെ വാ മൂടിക്കെട്ടുകയാണ്. അതിന് അങ്ങ് അനുവദിക്കരുത്. ഞങ്ങൾക്കു പറയാനുള്ള കാര്യങ്ങൾ പറയാം. മുഖ്യമന്ത്രി മറുപടി പറയട്ടെ. ശ്രീ. രാമകൃഷ്ണൻ പ്രസക്തമായ ഒരു ചോദ്യം ചോദിച്ചു. ആർ. എസ്. എസ്.-നെപ്പറ്റി എന്തു പറയുന്നു മുഖ്യമന്ത്രി; സംവരണത്തെപ്പറ്റി എന്തു പറയുന്നു മുഖ്യമന്ത്രി; അതു പറയട്ടെ. പറയാനില്ലെങ്കിൽ പറയാനില്ലെന്നു പറയട്ടെ. അതിൻെറ ബുദ്ധിമുട്ട് എനിക്കു മനസിലാകും. ഭാസ്കരൻ നായർ അവിടെ ഇരിപ്പുണ്ട്. അതുകൊണ്ട് ബുദ്ധിമുട്ട് എനിക്ക് മനസിലാകും.

(ബഹളം)

ശ്രീ. ആര്യാടൻ മുഹമ്മദ്: ആർ. എസ്. എസ്.-ൻെറ ഏജൻറായിട്ട് പി. കെ. വി. തലശ്ശേരിയിൽ വോട്ടു പിടിച്ചില്ലേ ? എം. വി. രാഘവനോട് ചോദിക്കണം.

(ബഹളം)

പി. കെ. വി.-ക്ക് ഒരു കൺസഷൻ കൊടുക്കണം, മുഖ്യമന്ത്രിസ്ഥാനം പോയതല്ലേ.

ശ്രീ. ഇ. നാരായണൻ നായർ: പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നത്തിന് മുഖ്യമന്ത്രി മറുപടി പറഞ്ഞു. അത് കേട്ടിട്ടു കേട്ടില്ലെന്നു പറഞ്ഞ് എന്തു തോന്ന്യാസവും കാണിക്കാമോ ? പി. കെ. വി. ക്ക് ആർ. എസ്. എസ്.-നോടുള്ള നയമെന്തായിരുന്നു. അതു പറയണം.

ശ്രീ. കെ കരുണാകരൻ: സർ, ഈ സഭ ഒരാഴ്ചത്തെ അടക്കിയിരിക്കുകയാണ്.

(ബഹളം)

ശ്രീ. ബേബിജോൺ: പ്രതിപക്ഷനേതാവ് വളരെ ഗൗരവതരമായ ഒരു പ്രശ്നം ഉന്നയിച്ചു. സഭാനേതാവും മുഖ്യമന്ത്രിയും ഏതെന്നനിലയിൽ അദ്ദേഹത്തിന് ഈ സഭയെ എന്തെങ്കിലും അറിയിക്കാനുണ്ടെങ്കിൽ അതു ചർച്ച തുടർന്നുകൊണ്ടുപോകാൻ സഹായകമായിരിക്കും. ഇതെല്ലാം ഞങ്ങൾ പറഞ്ഞതിനുശേഷം മുഖ്യമന്ത്രിക്ക് എന്തെങ്കിലും പറയാൻ കാണും. പലപ്പോഴും അദ്ദേഹം എണീറ്റതാണ്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): എനിക്ക് പറയാനുള്ളത് ഞാൻ പറഞ്ഞുകഴിഞ്ഞു. ഇനി വല്ലതും പറയാനുണ്ടെങ്കിൽ അപ്രോപ്രിയേഷൻ ബില്ലിൻെറ മറുപടിസമയത്ത് ഞാൻ പറഞ്ഞുകൊള്ളാം.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഈ സഭയിൽ ഞാൻ ഇന്ന് ഉന്നയിച്ചത് ഈ രാജ്യത്തെ.....

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ നിയമസഭ പ്രൊറോഗ് ചെയ്തിട്ടില്ല. നിയമസഭ അഡ്ജേൺ ചെയ്തതിനു ശേഷം നോട്ടീസ് നടത്തി അങ്ങ് വിളിച്ചുകൂട്ടിയതാണ്. അങ്ങനെ നോട്ടീസ് നടത്തി അങ്ങ് വിളിച്ചുകൂട്ടിയത് തീർച്ചയായും ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടാണ് സർ, ഗവൺമെന്റിനുവേണ്ടി മുഖ്യമന്ത്രി, നേരത്തെ ഉണ്ടായിരുന്ന പി. കെ. വി. മന്ത്രിസഭ രാജിവച്ചതിനെ തുടർന്ന് സംസ്ഥാനത്തെ ഭരണ സ്തംഭനം ഒഴിവാക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് ഈ ഗവൺമെന്റ് എന്നും അതിനു നയപരമായ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും അതിനു സമയം വേണമെന്നും പറയുകയുണ്ടായി സർ. പാർലമെന്ററി ജനാധിപത്യ മര്യാദയനുസരിച്ച് ഭരണഘടനാപ്രകാരം ഒരു നയമില്ലാത്ത ഒരു ഗവൺമെന്റ് ഈ നിയമസഭയെ എങ്ങനെ അഭിമുഖീകരിക്കും എന്നുള്ളതാണ് കാതലായ പ്രശ്നമാണു സർ. നയമില്ലാത്ത ഒരു ഗവൺമെന്റ്, നയം രൂപീകരിക്കാത്ത ഒരു ഗവൺമെന്റ് നിയമസഭയെ എങ്ങനെ സമീപിക്കും എന്നുള്ളതാണ് പ്രശ്നം. നയരൂപീകരണത്തിനു സമയം ആവശ്യപ്പെട്ട ഒരു ഗവൺമെന്റ് അങ്ങയോടു ഈ നിയമസഭ വിളിച്ചുകൂട്ടാൻ ആവശ്യപ്പെട്ടത് ഓർഡറിലാണോ ? നയം രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ഗവൺമെന്റ് അങ്ങയോടു ഈ സഭ വീണ്ടും വിളിച്ചുകൂട്ടാൻ ആവശ്യപ്പെട്ടത് ആർഡറിലാണോ ? ഈ ഗവൺമെന്റ് ഒരു നയം രൂപീകരിക്കുന്നതിനുമുമ്പ് നിയമസഭ പ്രൊറോഗ് ചെയ്യാതെ വീണ്ടും ഈ സഭയെ അഭിമുഖീകരിക്കുന്നത് ആർഡറിലാണോ ? ഈ കാര്യത്തിനു വ്യക്തമായ ഒരു റൂളിംഗ് വേണം. ഈ രാജ്യത്ത് ജനാധിപത്യത്തിന് ആരോഗ്യപരമായ കീഴ്വഴക്കങ്ങളും പാരമ്പര്യങ്ങളും ഉണ്ടാകേണ്ടതാണ്. പാർലമെന്ററി മര്യാദയ്ക്കും നടപടിക്രമങ്ങൾക്കും എതിരായ നിലപാടുകൾ സ്വീകരിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നത് തീർച്ചയായും അങ്ങയ്ക്ക് നിർവ്വാഹമില്ലാത്ത കാര്യമാണ്. അതുകൊണ്ട് ഈ നിയമസഭ വിളിച്ചുകൂട്ടാൻ എങ്ങനെ ആവശ്യപ്പെട്ടുവെന്നും അങ്ങ് എങ്ങനെ വിളിച്ചുകൂട്ടിയെന്നും നയമില്ലാത്ത് ഒരു ഗവൺമെന്റാണ് എന്നുള്ളതുകൊണ്ട് നടപടികൾ തുടരുന്നത് ആർഡറിലാണോ എന്നും ഉള്ളതാണ് എന്റെ പോയിന്റ്.

മി. സ്പീക്കർ: നയം രൂപീകരിക്കേണ്ടതും നയം രൂപീകരിച്ചിട്ടുണ്ടോയെന്നു നോക്കേണ്ടതും സ്പീക്കറുടെ ചുമതലയിൽ പെട്ടതല്ല. ഗവൺമെന്റ് അസംബ്ളി വിളിച്ചുകൂട്ടാൻ പറഞ്ഞു, വിളിച്ചുകൂട്ടി. അതു നിയമപ്രകാരമാണെന്നുള്ളതിൽ കവിഞ്ഞ് സ്പീക്കർക്ക് യാതൊന്നുമില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: നയം രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ഗവൺമെന്റ് എങ്ങനെ നിയമസഭ വിളിച്ചുകൂട്ടാൻ ആവശ്യപ്പെട്ടു. നിയമസഭവിളിച്ചുകൂട്ടി നയമില്ലാത്ത ഗവൺമെന്റ് നിയമസഭയെ അഭിമുഖീകരിച്ച ജനാധിപത്യവിരുദ്ധ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടു നടത്തുകയാണ്.

(ആർ. എസ്. പി. മെമ്പറൻമാർ സഭയിൽനിന്നും ഇറങ്ങിപ്പോയി)

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും സംശയത്തിനിടമില്ലാത്തവിധം ഇവിടെ നയമില്ലാത്ത ഒരു ഗവൺമെന്റാണ് ഇതെന്നു പറഞ്ഞുകഴിഞ്ഞു. ആ രാഷ്ട്രീയ പാപ്പരത്തത്തിൽ പ്രതിഷേധിച്ചുകൊണ്ടും കേരളത്തിലെ പ്രബുദ്ധരായ.....

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

സർ, നയമില്ലാത്ത, പാപ്പരായ ഈ ഗവൺമെൻറ് കേരളത്തിലെ രാഷ്ട്രീയ പ്രബുദ്ധരായ ജനങ്ങളെ അവഹേളിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഞാനും എൻെറ കക്ഷിയും ശക്തിയായി പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് വാക്കൗട്ടു നടത്തുകയാണ് സർ.

(കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യാ മെമ്പറൻമാർ സഭയിൽനിന്നും ഇറങ്ങിപോയി.)

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ ഗവൺമെൻറിനു നയമില്ലെന്ന് മുഖ്യമന്ത്രി ഇവിടെ പ്രസംഗിക്കുമ്പോഴും, സാമ്പത്തികസംവരണം നടപ്പാക്കുന്നതിനുവേണ്ടി ഞങ്ങളും ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുമെന്ന് ഭരണകക്ഷിയിൽപ്പെട്ട മന്ത്രിയുടെ ഒരു നേതാവ് പുറത്തു പ്രസംഗിക്കുന്നു. ആർ. എസ്. എസ്-ൻെറ നേതാവും ജനതാപാർട്ടിയുടെ നേതാവുമായ രാജഗോപാലൻ ഈ ഗവൺമെൻറിനു പിൻതുണ പ്രഖ്യാപിച്ചിരിക്കുന്നു. ആ സമയത്ത് ഒരു നയവും ഇല്ലെന്നു മുഖ്യമന്ത്രി പ്രഖ്യാപിക്കുന്നു. അങ്ങനെ നയമില്ലാത്ത നയം നടപ്പാക്കി ജനങ്ങളെ അപമാനിക്കുന്ന ഗവൺമെൻറിൻെറ നയത്തിൽ പ്രതിഷേധിച്ച് ഞാനും എൻെറ പാർട്ടിയും ഈ സമയത്തേയ്ക്ക് വാക്കൗട്ടുനടത്തുന്നു.

[കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) മെമ്പറൻമാർ സഭയിൽ നിന്നും ഇറങ്ങിപ്പോയി]

ശ്രീ. പി. എം. അബൂബേക്കർ: ഈ ഗവൺമെൻറിനു നയമില്ലെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അങ്ങനെ ആണും പെണ്ണുമല്ലാത്ത ഒരു നപുംസക ഗവൺമെൻറാണു സർ ഇത്. അതുകൊണ്ട് മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഒന്നുകിൽ ആണാകുക അല്ലെങ്കിൽ പെണ്ണാകുക. ഈ ഗവൺമെൻറിൻെറ നപുംസക സ്വഭാവത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എൻെറ പാർട്ടിയും വാക്കൗട്ടു നടത്തുന്നു.

(പ്രതിപക്ഷ മുസ്ലീംലീഗിലെ മെമ്പറൻമാർ സഭയിൽനിന്നും ഇറങ്ങിപ്പോയി)

[Sri T. M. Jacob in the chair]

ശ്രീ. എം. സത്യനേശൻ: സർ, ഇവിടെ തൊണ്ടിസാധനങ്ങൾ കണ്ടുപിടിക്കുവാൻ പോലീസ് ഡിപ്പാർട്ടുമെൻറിനുണ്ടാകുന്ന തടസ്സങ്ങൾ മാറ്റാൻവേണ്ടിയാണ് ഈ അമൻറുമെൻറു ബിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് ഇതിൽ ആമുഖമായി പറഞ്ഞിട്ടുണ്ട്. സർ, നമ്മുടെ രാജ്യത്തു വളരെ പഴക്കംചെന്ന ഒരു പോലീസ് ആക്ട് നിലവിലുണ്ട്. നമ്മുടെ രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടിയിട്ട് 32 വർഷമായി എങ്കിലും പണ്ട് ബ്രിട്ടീഷ് സാമ്രാജ്യവാദികൾ അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള അതേ പോലീസ് ആക്ടും പോലീസ് നിയമവും തന്നെയാണ് ഇന്നും നിലനിൽക്കുന്നത്. ആ നിയമത്തിനു യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. അങ്ങനെ മാറ്റമുണ്ടാകാത്തതിൻെറ ഫലമായി നമ്മുടെ പോലീസുദ്യോഗസ്ഥൻമാർ പലപ്പോഴും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുകയെന്ന പേരിൽ പൗരൻമാരെ നിന്ദ്യവും നീചവുമായ പ്രയോഗങ്ങൾ നടത്തിയാണ് സാധാരണ നിലയിൽ കുറ്റകൃത്യങ്ങൾ തെളിയിക്കുവാൻ ശ്രമിക്കുന്നത്. അങ്ങനെ നമ്മുടെ രാജ്യത്തെ പോലീസ് സ്റ്റേഷനുകളിൽ ഇന്നും വളരെ നിന്ദ്യവും നീചവുമായ മർദ്ദനസംവിധാനം നിലനിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ മാറിയ പരിതഃസ്ഥിതിയിൽ ഈ രാജ്യത്തെ പോലീസ് നിയമത്തിനു ഭേദഗതി വരുത്തി മനുഷ്യത്വപരമായ നിലയിൽ പരിഷ്കൃത ജനാധിപത്യരാജ്യങ്ങളുടെ മാതൃകയിൽ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുവാനുള്ള നടപടിയല്ല ഈ രാജ്യത്തെ പോലീസുദ്യോഗസ്ഥൻമാർ ചെയ്യുന്നത്. സർ, ഇവിടെ അടിയന്തിരാവസ്ഥയുണ്ടായി. ആ അടിയന്തിരാവസ്ഥയിൽ നിരപരാധികളായ ആളുകളെ പോലീസ് ഉദ്യോഗസ്ഥൻമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്യുകയുണ്ടായി. ഈ രാജ്യത്തു തടങ്കൽ പാളയങ്ങളുണ്ടാക്കി. ആ തടങ്കൽപാളയങ്ങളിൽ ഈ രാജ്യത്തെ നിരവധി ചെറുപ്പക്കാരെ കൊണ്ടിട്ടു മർദ്ദിച്ചു കൊലപ്പെടുത്തിയതു നമുക്കറിയാം. അതു ഈ അടുത്ത കാലത്താണ്. പോലീസിനു ഇന്നയിന്ന അധികാരങ്ങളെന്ന് നിർണ്ണയിച്ചുകൊടുക്കാത്തതുകൊണ്ട് ഈ രാജ്യത്തെ പോലീസ് ഉദ്യോഗസ്ഥൻമാർ തൊണ്ടിസാധനങ്ങൾ പിടിച്ചെടുക്കാൻ എന്നുള്ള പേരിൽ നിരപരാധികളായ ചെറുപ്പക്കാരെയും സാധാരണക്കാരെയും വേട്ടചെയ്തു കൊലപ്പെടുത്തിയത് നമുക്കറിയാം. അന്നു നമ്മുടെ രാജ്യത്തെ ഉന്നതാധികാരികളായ ആളുകൾ ഗവൺമെൻറിന്റെ നിർദ്ദേശങ്ങളുടെ ഫലമായി നിരപരാധികളായ ആയിരക്കണക്കിനു ചെറുപ്പക്കാരെ അറസ്റ്റ് ചെയ്തുകൊണ്ടുപോയി. കാവടിയാട്ടം. ഗരുഡൻതൂക്കം, സ്റ്റൂളിൽ ഇരുത്തൽ, ഉരുട്ടൽ തുടങ്ങി നമ്മൾ ഒരിക്കലും കേട്ടുകേൾവിപോലുമില്ലാത്ത മർദ്ദനസംവിധാനമാണ് ഏർപ്പെടുത്തിയിരുന്നത്. പഴയ പോലീസ് ആക്ടിന്റെ നടപ്പാക്കൽ പറഞ്ഞുകൊണ്ട് ഈ രാജ്യത്തെ ഭരണാധികാരികളും, പോലീസ് ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കിയ കാര്യങ്ങളും എന്താണെന്നു എല്ലാവർക്കുമറിയാം. എങ്ങനെയാണ് രാജനെ കൊലപ്പെടുത്തിയത്, എങ്ങനെയാണ് വിജയനെകൊലപ്പെടുത്തിയത്. എങ്ങനെയാണ് വേണുഗോപാലനെ കൊലപ്പെടുത്തിയത്? ഇതെല്ലാം പിൽക്കാലത്തു തെളിഞ്ഞിട്ടുള്ളതിന്റെ ഫലമായി അന്നു ഈ മർദ്ദനസംവിധാനം ഏർപ്പെടുത്തിയിരുന്ന ചില പ്രമാണിമാർ അധികാരത്തിൽനിന്നും പുറത്തുപോയി. ഇത്തരം നിയമവിരുദ്ധമായ നടപടികളും നടപ്പിലാക്കിയിട്ടുള്ളതിന്റെ ഫലമായി നമ്മുടെ ചില ആഭ്യന്തരമന്ത്രിമാരുടെ സ്ഥാനം നഷ്ടപ്പെട്ടിട്ടുണ്ട്. ചില മന്ത്രിസഭകളും രാജിവയ്ക്കേണ്ടിവന്നിട്ടുണ്ട്. നൂറ്റാണ്ടുകളായുള്ള പഴകിദ്രവിച്ച പോലീസ് നിയമത്തിൽ ആവശ്യമായ ഭേദഗതികളും രാജ്യത്തിന്റെ പുരോഗതിക്കനുസരിച്ച് വരുത്താത്തതുകൊണ്ടാണ് ഇതെല്ലാം സംഭവിച്ചത്. ഇന്നലെ ചങ്ങനാശ്ശേരിയിൽ ഒരു പെൺകുട്ടിയെ അവിടത്തെ എസ്.ഐ.-യും പാർട്ടിയും അറസ്റ്റ്ചെയ്തുകൊണ്ടുപോയി. ആ പെൺകുട്ടി എന്തോ സാധനം മോഷ്ടിച്ചു എന്നു പറഞ്ഞാണ് അറസ്റ്റ് ചെയ്തത്. അറസ്റ്റ് ചെയ്തു കൊണ്ടുപോയ ആ കുട്ടിയെ നിന്ദ്യവും നീചവുമായി അവിടത്തെ പോലീസുദ്യോഗസ്ഥൻമാർ ബലാൽസംഗം ചെയ്യുകയുണ്ടായി. ആ കുട്ടി ഇന്ന് ആശുപത്രിയിലാണ് സർ. ആ കുട്ടി ആശുപത്രിയിലായ പടങ്ങളെല്ലാം ഇന്ന് കേരള കൗമുദി മുതലായ പത്രങ്ങളിലെല്ലാം വന്നിട്ടുണ്ട്,

11 a. m.]

അതുപോലെ, തലസ്ഥാനനഗരിക്ക് തൊട്ടടുത്തുള്ള ഒരു പോലീസ് സ്റ്റേഷനാണ് വിഴിഞ്ഞം പോലീസ് സ്റ്റേഷൻ. അവിടത്തെ ഇപ്പോഴത്തെ എസ്. ഐ. ആ പ്രദേശത്തുള്ള നിരപരാധികളായ തൊഴിലാളികളെ അറസ്റ്റുചെയ്തുകൊണ്ടുപോയി അതിഭയങ്കരമായി മർദ്ദിക്കുന്നതു ഒരു സാധാരണ സംഭവമാണ്. കുറ്റം തെളിയിക്കുന്നതിനുവേണ്ടി, തൊണ്ടിയെടുക്കുന്നതിനുവേണ്ടി എന്നു പേരുപറഞ്ഞുകൊണ്ടാണ് ഇതൊക്കെ ചെയ്യുന്നത്. ഇതുപോലെ ജോർജ്ജ് മാത്യു എന്നു പറയുന്ന മ്യൂസിയം പോലീസ് സ്റ്റേഷൻ എസ്. ഐ. ഇന്ന് വളരെ നീചമായ മർദ്ദനം അഴിച്ചുവിട്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. ഇന്നലെ ഹരിജൻ സമുദായത്തിൽപ്പെട്ട കർഷകത്തൊഴിലാളിയായ കുഞ്ഞച്ചൻ എന്ന ഒരു ചെറുപ്പക്കാരനെ തലസ്ഥാനനഗരിയുടെ മൂക്കിനുതാഴെയുള്ള മ്യൂസിയം പോലീസ് സ്റ്റേഷനിലെ എസ്. ഐ. മർദ്ദിച്ചതിന്റെ ഫലമായി ഇന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുകയാണ്. ഈ രാജ്യത്ത് ബ്രിട്ടീഷ് സാമ്രാജ്യാധികാരികളും അവരുടെ താൽപര്യം സംരക്ഷിക്കാൻവേണ്ടി, ഇൻഡ്യയിലെ സാധാരണ ജനങ്ങളെ മർദ്ദിച്ചൊതുക്കാൻവേണ്ടി കൊണ്ടുവന്ന പോലീസ് ആക്ടാണ് ഇന്നുമുള്ളത്. ആ പോലീസ് ആക്ട് അന്നു കൊണ്ടുവന്നത് ബ്രിട്ടീഷ് സാമ്രാജ്യാധികാരികളുടെ താൽപ്പര്യത്തിന് അനുഗുണമായിട്ടായിരുന്നു. അതിന്റെ ഫലമായി നമ്മുടെ ഇൻഡ്യയിലെ സാധാരണ പൗരൻമാരെ അന്നത്തെ ഐ. പി.എസ്., ഐ. സി. എസ്. ആഫീസർമാരെക്കൊണ്ട് ബ്രിട്ടനിലെ വൈസ്രോയിമാർ മർദ്ദിച്ചു കീഴ്പ്പെടുത്തി. ഇങ്ങനെ ഇൻഡ്യയിലെ സാധാരണ പൗരൻമാരെ കീഴ്പ്പെടുത്താൻവേണ്ടി ബ്രിട്ടീഷ് സാമ്രാജ്യാധികാരികളും കൊണ്ടുവന്നിരുന്ന കാലപ്പഴക്കംവന്ന ഒരു പോലീസ് ആക്ടാണ് ഇന്നും നിലനിൽക്കുന്നത്. ആ പോലീസ് ആക്ട് വള്ളി-പുള്ളി-വിസർഗ്ഗം കൂടാതെ നടപ്പാക്കണമെന്നാണ് എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി പറഞ്ഞത്. അത് അദ്ദേഹം പറയും. അദ്ദേഹത്തിന്റെ പാരമ്പര്യം അങ്ങനെയാണ്. സാധാരണക്കാരന്റെ അവകാശസമരങ്ങളെ അടിച്ചമർത്തണം, പഴയ പൊളിഞ്ഞുപാളീസായ വ്യവസ്ഥ നിലനിറുത്തണം, അങ്ങനെ ഈ രാജ്യത്തെ സാധാരണ പൗരൻമാരെ തല്ലി ശരിപ്പെടുത്തണം എന്നു വാദിക്കുന്ന സിദ്ധാന്തത്തിന്റെ ആളാണ് ശ്രീമാൻ ദേവസ്സിക്കുട്ടി. അതാണ് അടിയന്തിരാവസ്ഥക്കാലത്ത് രാജൻമാരേയും, വിജയൻമാരേയും, വേണുഗോപാലൻമാരേയും പോലുള്ള ചെറുപ്പക്കാരെ ഈ രാജ്യത്തെ ശാസ്ത്രമംഗലംപോലുള്ള പോലീസ് ക്യാമ്പുകളിൽകൊണ്ടുപോയി ദിവസങ്ങളോളം അവിടെയിട്ട് കൊല്ലാക്കൊല നടത്തിയത്. അന്ന് അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർ അടിയന്തിരാവസ്ഥയെ പിൻതാങ്ങി. എന്നാൽ അടുത്തകാലത്ത് അടിയന്തിരാവസ്ഥ പിശകായിപ്പോയി, അടിയന്തിരാവസ്ഥക്കാലത്തു രാജൻമാരേയും, വിജയൻമാരേയും കൊലപ്പെടുത്തിയതിൽ ഞങ്ങൾക്ക് പങ്കില്ല, ഞങ്ങൾ അറിഞ്ഞില്ല എന്നെല്ലാം പറഞ്ഞുകൊണ്ട് പിലാത്തോസിനെപ്പോലെ കൈകഴുകുന്ന ആളുകൾ ഈ സഭയിലുണ്ട്. 1976 മാർച്ച് മാസത്തിൽ അടിയന്തിരാവസ്ഥക്കാലത്തു ഭീകരമർദ്ദനങ്ങൾ ഈ രാജ്യത്തു നടമാടുമ്പോൾ അതിനെ പിൻതാങ്ങിയിരുന്ന ആൾക്കാർ പിന്നീട് പറഞ്ഞു ഞങ്ങൾ ഇപ്പോൾ അടിയന്തിരാവസ്ഥയെ എതിർക്കുകയാണെന്ന്. അന്നു കൈപൊക്കിയിരുന്ന ചില മാന്യൻമാരുണ്ട്. ഈ സഭയിൽ നിന്നുകൊണ്ട് ആഭ്യന്തരകാര്യമന്ത്രി പറഞ്ഞു, ഈ രാജ്യത്ത് നിയമസമാധാനം കർക്കശമായി പാലിക്കുമെന്ന്. നിയമസമാധാനം പാലിക്കും, എന്റെ ഗവൺമെന്റിനെതിരായി ഇവിടെ എന്തെങ്കിലും പ്രവൃത്തിച്ചാൽ അടിച്ചമർത്തുമെന്നും അന്ന് നമ്മുടെ രാജ്യത്തിന്റെ ആഭ്യന്തരമന്ത്രിയായിരുന്ന അടുത്തകാലത്ത് സ്ഥാനം നഷ്ടപ്പെട്ട് പ്രതിപക്ഷത്തുവന്നിരുന്നു, കഴിഞ്ഞ ആഴ്ചയിൽ സ്ഥാനംമാറി അപ്പുറത്തിരുന്ന് നാളെ ഭരിക്കാമെന്നു സ്വപ്നം കാണുന്ന മുൻ ആഭ്യന്തരമന്ത്രി കരുണാകരൻ അന്നു പറഞ്ഞതാണ്. ഇന്നിപ്പോൾ ഈ ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവരാൻവേണ്ടി വാദിച്ചുകൊണ്ടിരിക്കുന്ന പത്രമുണ്ടല്ലോ, മലയാളമനോരമ, ആ പത്രം അന്ന് എഴുതി, "ആഭ്യന്തരകാര്യമന്ത്രിയുടെ സിംഹഗർജ്ജനം, കേരള അസംബ്ലി ഞെട്ടിപ്പോയി" എന്ന്. ആ സിംഹഗർജ്ജനം പിന്നെ കേൾക്കാനില്ല. അടിയന്തിരാവസ്ഥയ്ക്കെതിരായി പോരാടിയ രാജനേയും, വിജയനേയുമെല്ലാം കൊലപ്പെടുത്തിയ അന്നത്തെ ഭരണാധികാരികളെ ഇൻഡ്യയിൽനിന്നു

LIBRARY ARCHIVES Kerala Legislative Assembly

തൂത്തുവാരി പരാജയപ്പെടുത്തി. ഈ കേരള സംസ്ഥാനത്ത് അടിയന്തിരാവസ്ഥക്കാലത്ത് കിരാതഭരണം നടത്തിയ ആഭ്യന്തരകാര്യമന്ത്രിയായിരുന്ന ബഹുമാന്യനായ കരുണാകരൻ ഉൾപ്പെടെയുള്ളവരുടെ സ്ഥാനം നഷ്ടപ്പെടുകയുണ്ടായി. അവിടംകൊണ്ടും തീർന്നില്ല. നാദാപുരത്തും, കക്കയത്തും, ശാസ്തമംഗലത്തും ക്യാമ്പുചെയ്ത ഈ രാജ്യത്തെ ചെറുപ്പക്കാരെ കുട്ടം തെളിയിക്കാനെന്ന പേരുപറഞ്ഞുകൊണ്ട് നടത്തിയ മർദ്ദനങ്ങളുടെ ഫലമായി ജയറാംപടിക്കലിന്റെയും, മുരളീകൃഷ്ണദാസിന്റെയും ഊണ് അകത്തായി. ഊണ് അകത്തായി എന്നുള്ളത് നാടൻഭാഷയാണ്. ഈ രാജ്യത്തുണ്ടാവുന്ന കുറ്റകൃത്യങ്ങൾ എങ്ങനെ കണ്ടുപിടിക്കണം, പരിഷ്കൃത രീതിയിൽ ഒരു കുറ്റവാളിയെ എങ്ങനെ കൈകാര്യം ചെയ്യണം എന്നുള്ളതിനെ സംബന്ധിച്ച് ഈ രാജ്യത്ത് ഇന്നത്തെ പോലീസ് ആക്ടിൽ വ്യക്തമായി നിർവ്വചിച്ചിട്ടില്ല. കഴിഞ്ഞ പത്തുനൂറു വർഷക്കാലം മുമ്പ് ഇൻഡ്യയിൽ ബ്രിട്ടീഷ് സാമ്രാജ്യാധികാരികൾ അവരുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി കൊണ്ടുവന്ന പൊളിഞ്ഞു പാളീസായ പിന്തിരിപ്പൻ പോലീസ് ആക്ട് സ്വാതന്ത്ര്യം കിട്ടി 32 വർഷം കഴിഞ്ഞിട്ടും തുടരുകയാണ് ഈ സംസ്ഥാനത്ത്. അതിന്റെ ഫലമായി ഇന്നും ഈ രാജ്യത്തിലെ പോലീസുദ്യോഗസ്ഥൻമാർ ഭീകരമായ മർദ്ദനങ്ങൾ അഴിച്ചുവിടുകയാണ്. നമ്മുടെ രാജ്യത്തെ പൗരൻമാരുടെ ജീവനു വിലയില്ല. അവരെ അറസ്റ്റ് ചെയ്തുകൊണ്ടുപോയി ഭീകരമായി മർദ്ദിക്കുകയാണ്. അവരുടെ നേരെ നടത്തുന്ന മർദ്ദനങ്ങൾക്ക് കണക്കില്ല. അതാണ് ഇന്നലെ ചങ്ങനാശ്ശേരി ലോക്കപ്പിൽ നടന്നത്. അതാണ് മ്യൂസിയം പോലീസ് സ്റ്റേഷൻ ലോക്കപ്പിൽ നടന്നു എന്നു ഞാൻ പറഞ്ഞത്. ഇങ്ങനെ നമ്മുടെ രാജ്യത്തെ മർദ്ദകവീരൻമാരായ പോലീസുദ്യോഗസ്ഥൻമാർ പോലീസ് ആക്ടിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഇന്ന് അതിഭയങ്കരമായ മർദ്ദനമാണ് രാജ്യം മുഴുവൻ അഴിച്ചുവിട്ടിരിക്കുന്നത്.

സർ, ഇന്ന് സാധാരണഗതിയിൽ ഒരു പൗരനെ അറസ്റ്റ് ചെയ്തു കഴിഞ്ഞാൽ 24 മണിക്കൂറിനകം ലോക്കപ്പിൽ ഹാജരാക്കണമെന്നു നിയമമുണ്ട്. ആ നിയമം ലംഘിക്കപ്പെടുകയാണ്. ആരെങ്കിലും കള്ളക്കേസ് കൊടുത്തു ഒരു പൗരനെ അറസ്റ്റ്ചെയ്താൽ 24 മണിക്കൂർ എന്നല്ല, 48 മണിക്കൂർ ലോക്കപ്പിലിട്ട്—നമ്മുടെ പോലീസ് സ്റ്റേഷനിലിട്ട്—കൊല്ലാക്കൊല നടത്തി വെള്ളംപോലും കൊടുക്കാതെ മർദ്ദിക്കുന്ന സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് അങ്ങ് പാറശ്ശാല മുതൽ കാസർകോടുവരെ ഉള്ള എല്ലാ പോലീസ് സ്റ്റേഷനിലും ഉള്ള നടപടിയാണ്. എന്തു കേസായിരുന്നാലും ശരി, അറസ്റ്റ് ചെയ്ത് 24 മണിക്കൂറിനകം കോടതിയിൽ ഹാജരാക്കണമെന്നു വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥപോലും മർദ്ദകവീരൻമാരായ ചില പോലീസ് ഉദ്യോഗസ്ഥൻമാർ—എസ്. ഐ. മാർ, സർക്കിൾ, ഇൻസ്പെക്ടർമാർ, ഡി. വൈ. എസ്. പി. മാർ, സിറ്റി കമ്മീഷണർ പോലെയുള്ള ആഫീസർമാർ—നടപ്പാക്കാറില്ല സർ. അതിനു നൂറു നൂറു ഉദാഹരണങ്ങൾ തിരുവനന്തപുരം ജില്ലയിലുള്ള നിരവധി പോലീസ് സ്റ്റേഷനുകളിൽ ചൂണ്ടിക്കാണിക്കാൻ കഴിയും. അങ്ങനെ ഇന്ന് ഒരു പൗരനെ പോലീസ് അറസ്റ്റ് ചെയ്തുകഴിഞ്ഞാൽ നിന്ദ്യവും നീചവുമായി അവനെ ഭേദ്യം ചെയ്യുക, കൊലപ്പെടുത്തുക, മണിക്കൂറുകളോളം ജയിലിലിട്ടു മർദ്ദിക്കുക ഇതെല്ലാം സാധാരണയായിത്തീർന്നിരിക്കുകയാണ്. അടിയന്തിരാവസ്ഥക്കാലത്ത് ഇതൊക്കെതന്നെയാണ് നടന്നത്. അന്ന് ന്യായവും നീതിയും നടപ്പാക്കപ്പെട്ടില്ലായെന്ന് ഈ രാജ്യത്തു നടന്ന നിരവധി അന്വേഷണക്കമ്മീഷനുകൾ പ്രസ്താവിച്ചിട്ടുണ്ട്. അടിയന്തിരാവസ്ഥക്കാലത്തു നടന്ന ജനാധിപത്യവിരുദ്ധമായതും നിയമവിരുദ്ധ

LIBRARY ARCHIVES Kerala Legislative Assembly

മായതുമായ അറസ്റ്റുകളെയും മർദ്ദനങ്ങളെയും എല്ലാം സംബന്ധിച്ച് അനേഷണക്കമ്മീഷനുമുമ്പുതന്നെ എത്രയോ കേസുകളും ഈ രാജ്യത്തു ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഇതെല്ലാം ഈ രാജ്യത്തു വ്യക്തമായ പോലീസ് നിയമം ഇല്ലാത്തതിന്റെ ഫലമായാണ് സർ. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് പത്തുമുപ്പത്തിരണ്ട് വർഷങ്ങളും കഴിഞ്ഞിട്ടും ഇൻഡ്യയിലെ പൗരൻമാരുടെ നേരെ കൈകാര്യം ചെയ്യേണ്ട വ്യക്തമായി നിർണ്ണയിച്ചിട്ടുള്ള ഒരു പോലീസ് ആക്ട് ഉണ്ടായിട്ടില്ല. അതാണ് ഈ രാജ്യത്തെ മാറി മാറി വരുന്ന ഭരണാധികാരികളും നിയമവിരുദ്ധമായി ഈ രാജ്യത്തെ പൗരൻമാരെ കൈകാര്യം ചെയ്തു മർദ്ദിക്കുന്നത്. അതുകൊണ്ടാണു സർ, അടിയന്തിരാവസ്ഥക്കാലത്ത് ഇൻഡ്യയിലെ രണ്ടുലക്ഷത്തോളം വരുന്ന രാഷ്ട്രീയപ്രവർത്തകരെ—ഭരണകക്ഷിയായിരുന്ന കോൺഗ്രസ് പ്രവർത്തകർ ഉൾപ്പെടെയുള്ള ആളുകളെ—എല്ലാം രാജ്യത്തെമ്പാടും കൊണ്ടുപോയി തല്ലി ശരിപ്പെടുത്തിയത്.

നമ്മളും ഇന്നലെ ഈ സഭയിൽ ബഹുമാന്യനായ ജെ. പി. യുടെ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തി. ജെ. പി. എങ്ങനെ മരിച്ചു സർ? ഇന്നലെ ചില ആളുകളും ജെ. പി. യുടെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തിയപ്പോൾ എനിക്ക് ലജ്ജ തോന്നി സർ. ജെ. പി. ഫാസിസ്റ്റാണ്, ജെ. പി. യുടെ മൂവ്മെൻറ് ഏകാധിപത്യ മൂവ്മെൻറാണ്, ജെ. പി. കൊണ്ടുവന്ന ജനാധിപത്യപരമായ മുന്നേറ്റത്തെ നമ്മുടെ രാജ്യത്തെ ഭരണാധികാരികളും ഫാസിസ്റ്റ് മൂവ്മെൻറ് ആണെന്നു പറഞ്ഞു. ആ മൂവ്മെൻറുമായി ബന്ധപ്പെട്ട ബീഹാറിലെ പതിനായിരത്തിൽപ്പരം ചെറുപ്പക്കാരെ 1974-ൽ മർദ്ദിച്ചതു കണ്ടു സർ. അന്ന് അദ്ദേഹത്തിനും നിഷ്ഠൂരമായ മർദ്ദനം ഏൽക്കുകയുണ്ടായി. അടിയന്തിരാവസ്ഥ അടിച്ചേൽപ്പിച്ചു. അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും അദ്ദേഹത്തിന്റെ സമ്മതം കൂടാതെ അദ്ദേഹത്തിന്റെ കിഡ്നി മാറ്റിക്കളയുകയും ചെയ്തു. അദ്ദേഹത്തിന്റെ കിഡ്നി മാറ്റിക്കളഞ്ഞതുകൊണ്ടാണ് പെട്ടെന്നു മരിക്കാൻ കാരണമായത്. അന്ന് അടിയന്തിരാവസ്ഥ ശരി, ഇന്ദിരാഗാന്ധി ശരി, ഇന്ദിരയാണ് ഇൻഡ്യ; അടിയന്തിരാവസ്ഥ ശാശ്വതീകരിക്കപ്പെട്ടിരിക്കുന്നു; ഇനി നമുക്ക് സ്വാതന്ത്ര്യമുണ്ടാകുകയില്ല എന്നെല്ലാം പ്രഖ്യാപിച്ചു നടന്ന ചില ആളുകളും ഇന്നലെ നമ്മുടെ നിയമസഭയിൽക്കയറി ജെ. പി. യുടെ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തിയപ്പോൾ എനിക്ക് സങ്കടം തോന്നി സർ. ഞാൻ ഇതു പറയാൻ കാരണം ജെ. പി. യെ കൊലപ്പെടുത്തിയതും അടിയന്തിരാവസ്ഥയാണ്. ആ ജെ. പി. യെപ്പോലെയുള്ള രണ്ടുലക്ഷത്തോളം രാഷ്ട്രീയ പ്രവർത്തകരെ നമ്മുടെ പോലീസ് ആക്ടിലെ എല്ലാം ലംഘിച്ചുകൊണ്ട് അറസ്റ്റ് ചെയ്തുകൊണ്ടുപോയി ഭീകരമായി മർദ്ദിച്ചു. അന്ന് കേന്ദ്രത്തിൽ ഇന്ദിരാഗാന്ധിയും, സഞ്ജയ് ഗാന്ധിയും ഇവിടെ ആഭ്യന്തരകാര്യമന്ത്രി കെ. കരുണാകരനും.....

മി. ചെയർമാൻ: ബില്ലിന്റെ ഉള്ളിൽ ഒതുങ്ങി സംസാരിക്കണം. ലോകകാര്യങ്ങളും മുഴുവൻ പറഞ്ഞാലോ? ചുരുക്കി സംസാരിക്കുക.

ശ്രീ. എം. സത്യനേശൻ: പോലീസ് ആക്ടാണ്, മർദ്ദനത്തെപ്പറ്റിയാണ് പറഞ്ഞത്. ഇതു ഇഷ്ടപ്പെടുകയില്ലെന്നറിയാം. ഈ രാജ്യത്ത് രണ്ടുലക്ഷത്തോളം വരുന്ന വ്യത്യസ്ത രാഷ്ട്രീയപ്പാർട്ടി പ്രവർത്തകൻമാരെ നിയമവിരുദ്ധമായി അറസ്റ്റ് ചെയ്തുകൊണ്ടുപോയി കൊല്ലാക്കൊല നടത്തിയിട്ടുള്ള കഥ നമ്മുടെ ഇൻഡ്യാചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തിയിട്ടുണ്ടാകും സർ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: എന്തിനു പഴയ കാര്യം പറയുന്നു, അടുത്ത കാലത്ത് താമരാക്ഷനെ തൃശ്ശൂരിൽ വച്ച് ഏതാണ്ടൊക്കെ ചെയ്തു എന്നു പറയുന്നു. അതേപ്പറ്റി സത്യനേശന്റെ അഭിപ്രായം എന്താണ്?

ശ്രീ. എം. സത്യശേശൻ: പഴയ കാര്യം പറയുമ്പോഴും ബഹുമാനപ്പെട്ട കുഞ്ഞുകൃഷ്ണപിള്ളസാറിനു വെപ്രാളം വരുമെന്നറിയാം. രാജനെയും വിജയനെയും എല്ലാം കൊലപ്പെടുത്താൻ കൈപ്പൊക്കിയവരാണ്. ആ കാര്യം പറയുമ്പോഴും വെപ്രാളം വരും. ഞങ്ങളും താമരാക്ഷനെ അല്ല തല്ലിയത്. സഖാവ് അഴീക്കോടൻ രാഘവനെ കൊലപ്പെടുത്തിയ, അന്ന് അഭ്യന്തരമന്ത്രിയായിരുന്ന കരുണാകരൻ അഴീക്കോടൻ രാഘവനെ കൊല്ലാനായി പറഞ്ഞയച്ച ഇഗ്നേഷ്യസ് എന്ന ഗുണ്ടയെ തല്ലിയിട്ടുണ്ട്. നമ്മളും ഈ സഭയിൽ വളരെ വ്യക്തമായി ചർച്ച ചെയ്യപ്പെട്ട കാര്യമാണ്. ആർ. എസ്. പി. ക്കാരെ തല്ലിയിട്ടില്ല. ഞങ്ങളുടെ ഐക്യത്തിൽ വിടവ് ഉണ്ടാക്കാൻ വരികയുംവേണ്ട. നമ്മുടെ കുഞ്ഞുകൃഷ്ണപിള്ള സാറിനെപ്പോലെയുള്ള ആളുകാർ ഇപ്പോഴും ഇതു പറയുന്നത് എന്താണ്, രാജന്റെയും വിജയന്റെയും ചോര കയ്യിൽ കാണും, അതുകൊണ്ടാണ്. ബഹുമാനപ്പെട്ട കുഞ്ഞുകൃഷ്ണപിള്ളസാർ മുതൽ അടുത്ത കാലത്ത് ആധുനികവിപ്ലവത്തിന്റെ പ്രവാചകനായി മാറിയിരിക്കുന്ന എ. കെ. ആന്റണിക്കുപോലും വെപ്രാളം വരും. ഈ സഭയിൽ പല പ്രാവശ്യം മുഴങ്ങിയതാണ്, രാജൻ എവിടെ, വിജയൻ എവിടെ, ഈ സഭയിലെ മെമ്പർമാരായി ഉള്ള സഖാവ് എം. വി. രാഘവൻ എവിടെ, പിണറായി വിജയൻ എവിടെ, ഇന്നു പിന്തുണയ്ക്കാൻ പോയിട്ടുള്ള ശ്രീ. പി. ബി. ആർ. പിള്ള എവിടെ എന്നെല്ലാം. പി. ബി. ആർ. പിള്ള അടിയന്തിരാവസ്ഥക്കാലത്തു അകത്തായിരുന്നു. സഭയിൽ ഉള്ള മെമ്പർമാരെപ്പോലും സഭയെ അറിയിക്കാതെ അറസ്റ്റു ചെയ്തുകൊണ്ടുപോയി ഭീകരമായി മർദ്ദിക്കുമായിരുന്നു.

മി. ചെയർമാൻ: അതൊന്നും ബില്ലിൽ ഇല്ല.

ശ്രീ. എം. സത്യനേശൻ: ബില്ലിൽ പലതും ഇല്ല. പക്ഷേ ഇങ്ങനെ നടക്കുന്നുണ്ട് സർ. അപ്പോഴും പ്രശ്നം.....

മി. ചെയർമാൻ: പ്രശ്നം വളരെ ലളിതമാണ്.

ശ്രീ. എം. സത്യനേശൻ: ലളിതമാണ്; പോലീസ് ആക്ടാണ്; പോലീസ് ആക്ടിനെ ദുർവിനിയോഗപ്പെടുത്തിയാണ് അടിയന്തിരാവസ്ഥ കൊണ്ടുവന്നത്. ആ പോലീസ് ആക്ടിനെ ദുർവിനിയോഗപ്പെടുത്തിയാണ് രണ്ടുലക്ഷത്തോളം ചെറുപ്പക്കാരെ അറസ്റ്റ് ചെയ്തത്. ആ പോലീസ് ആക്ടിനെ ദുർവിനിയോഗപ്പെടുത്തിയാണ് ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർമാരെ അറസ്റ്റുചെയ്തത്. ആ മർദ്ദനങ്ങളെപ്പറ്റി അന്ന് ചോദിച്ചപ്പോഴും ബഹുമാന്യ സ്നേഹിതൻ ശ്രീ. കുഞ്ഞുകൃഷ്ണപിള്ളയും മറ്റും അപ്പുറത്ത് നാണം കൂടാതെ എഴുന്നേറ്റുനിന്ന് കൈപൊക്കുകയായിരുന്നു. പിന്നെ ആ സ്ഥാനമൊക്കെ പോയി; അടിച്ചു പുറത്താക്കി.

സ്വാതന്ത്ര്യം കിട്ടിയിട്ട് മുപ്പത്തിരണ്ട് വർഷമായിട്ടും ഇന്ന് രാജ്യത്തെ മാറിവരുന്ന പരിതഃസ്ഥിതിയിൽ വ്യക്തമായ തൊഴിൽ നിയമം ഇല്ല. നിയമസമാധാനം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് വ്യക്തമായി നിർവചിച്ചിട്ടില്ല. ഒരു വ്യക്തിയെ അറസ്റ്റുചെയ്തുകൊണ്ടുപോയി എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

കുറ്റം തെളിയിക്കണം എന്നതിന് വ്യക്തമായ നിയമമില്ല. പഴയ കാടൻ മർദ്ദന നിയമംകൊണ്ടാണ് അത് ചെയ്യുന്നത്; ആ പഴയ പൊളിഞ്ഞ നയം വച്ചുകൊണ്ടാണ് നടപ്പിലാക്കുന്നത്. ഇപ്പോഴും അടിയന്തിരാവസ്ഥയൊന്നുമില്ലല്ലോ; തലസ്ഥാനനഗരിയിൽ സമധാനപരമായി, ജനാധിപത്യപരമായ അവകാശങ്ങളുപയോഗിച്ചുകൊണ്ട്, കർഷകത്തൊഴിലാളി പ്രസ്ഥാനവും ജനാധിപത്യപ്രസ്ഥാനവും ഇവിടെ ഒരു ജാഥ നടത്തി. ഈ രാജ്യത്ത് കൊണ്ടുവരാൻ പോകുന്ന ഇഷ്ടദാനം എന്ന കരിനിയമത്തിൽ പ്രതിഷേധിക്കാനാണ് ജാഥ നടത്തിയത്. അതിന്റെ പേരിൽ ഈ രാജ്യത്ത് മുഴുവൻ ബാരിക്കേഡ് ആണ്; പോലീസിന്റെ പടതന്നെയാണ്; ഈസ്റ്റ് ഫോർട്ടിൽനിന്ന് ഇന്നലെമുതൽ വണ്ടിയില്ല. എന്തിന്? ജനാധിപത്യപരമായി ഒരു പ്രതിഷേധം രേഖപ്പെടുത്തുന്നതിന് ഇപ്പോഴും സ്വാതന്ത്ര്യമില്ല. അതുകൊണ്ടാണ് ഇക്കാര്യം ചൂണ്ടിക്കാണിച്ചത്. കാലപ്പഴക്കം വന്ന നിയമം ആർക്കുവേണ്ടി? അത് ഈ രാജ്യത്തെ സ്ഥാപിതതാൽപര്യക്കാരുടെ താൽപര്യം സംരക്ഷിക്കാനാണ്. ബ്രിട്ടീഷുകാരൻ എഴുതിവച്ച 'റൂൾ ഓഫ് ലാ', എന്താണ് ആ നിയമവാഴ്ച? തൊഴിലാളികളെ പ്രതിഷേധ പ്രകടനം നടത്തിയാൽ അടിച്ചമർത്തുക. സമരം ചെയ്താൽ അടിച്ചമർത്തണം. മുതലാളി വർഗ്ഗത്തിന്റെ താൽപര്യങ്ങളെ സമ്മതിച്ചുകൊടുക്കണം. അത് കേട്ടില്ലെങ്കിൽ മർദ്ദനം. അതിനുവേണ്ടി പോലീസ് കോഡ് എഴുതിവച്ചിട്ടുണ്ട്. ആ കോഡ് മാറിയിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. സ്വാതന്ത്ര്യം കിട്ടി മുപ്പത്തിരണ്ട് വർഷമായിട്ടും ബ്രിട്ടീഷ് സാമ്രാജ്യക്കാർ കൊണ്ടുവന്ന പൊളിഞ്ഞുപാളീസായ പോലീസ് ആക്ട് മാറിയിട്ടില്ല. സാധാരണ സ്ത്രീപുരുഷൻമാരെ അന്യായമായി വിലങ്ങുവയ്ക്കുന്നു; മർദ്ദിക്കുന്നു; കൊണ്ടുപോയി നിരവധി മണിക്കൂർ ലോക്കപ്പിലിട്ട് കൊല്ലാക്കൊല ചെയ്യുന്നു; ഭേദ്യം ചെയ്യുന്നു. ചങ്ങനാശ്ശേരിയിലും മറ്റും സംഭവിച്ചത് അറിയാം. ഇന്നലെ മ്യൂസിയം ലോക്കപ്പിൽ നടന്ന മർദ്ദനത്തെപ്പറ്റിയും പറഞ്ഞു. ഒരു പൗരനെ അറസ്റ്റുചെയ്താൽ എത്ര മണിക്കൂർ ലോക്കപ്പിൽ വയ്ക്കാം എന്ന് നിർണ്ണയിച്ചിട്ടില്ല.

അതുകൊണ്ട്, കാലാനുസൃതമായി പോലീസ് ആക്ടിൽ മാറ്റം വരുത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. ചടയൻ ഗോവിന്ദൻ: സർ, പോലീസ് ആക്ട് ഭേദഗതിയെ സംബന്ധിച്ച് പറയുമ്പോൾ, കളവുമുതൽ സൂക്ഷിക്കുന്ന ആളുകളെ ശിക്ഷിക്കുന്നതിനുവേണ്ടിയുള്ള വ്യക്തമായ വ്യവസ്ഥ ഉണ്ടാക്കുന്നതിനെ സാഭാവികമായും അനുകൂലിക്കാൻ മാത്രമേ സാധിക്കുകയുള്ളു. പക്ഷേ ഈ പോലീസ് ആക്ടിൽ, ശിക്ഷിക്കപ്പെടേണ്ടുന്ന പുതിയ കൂട്ടരെ ഉൾപ്പെടുത്താൻ ശ്രമിക്കുമ്പോൾ ഇന്നുള്ള പോലീസ് ആക്ട് എങ്ങനെ ഉപയോഗപ്പെടുന്നു എന്ന് പറയാതെ നിർവാഹമില്ല. കഴിഞ്ഞ അടിയന്തിരാവസ്ഥക്കാലത്തായാലും അതിനു മുൻപായാലും അതിനു ശേഷമായാലും കുറ്റം തെളിയിക്കുന്നതിനുവേണ്ടി എടുക്കുന്ന നടപടികൾ ഇവിടെ എത്രയോ തവണ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. എല്ലാ നിയമവ്യവസ്ഥകളെയും ലംഘിച്ചുകൊണ്ടാണ് പോലീസ് പലപ്പോഴും തെളിവെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് കാണാം. കുറ്റവാളിയെന്ന് തെളിയുന്നതിനുമുമ്പ് കുറ്റവാളിയെന്ന് തെളിയിക്കുന്നതിനുവേണ്ടി പലപ്പോഴും കുറ്റം അടിച്ചേൽപ്പിക്കുന്ന പരിതഃസ്ഥിതി നമ്മുടെ രാജ്യത്തുണ്ടായിട്ടുണ്ട് എന്നുള്ളതു യാഥാർത്ഥ്യമാണ്. പോലീസ് സ്റ്റേഷനുകളിൽ കൊണ്ടുപോയി ഭീകരമായ മർദ്ദനങ്ങൾക്ക് വിധേയരാക്കി ചെയ്യാത്ത കുറ്റം സമ്മതിപ്പിച്ചിട്ടുള്ള എത്രയോ അനുഭവങ്ങളുണ്ടായിട്ടുണ്ട്. അതുകൊണ്ട് പ്രധാനമായും ഇത്തരം നടപടികളെ എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

തടയാൻ സാധിക്കും എന്നുള്ളതിനെപ്പറ്റിക്കൂടി ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുകയാണ്. ഒരാളെ പോലീസ് കസ്റ്റഡിയിൽ എടുത്താൽ 24 മണിക്കൂറിനകം കോടതിയിൽ ഹാജരാക്കും എന്ന നിയമവ്യവസ്ഥ ഇവിടെ നിലനിൽക്കുന്നുണ്ട്. പക്ഷെ ദിവസങ്ങളോളം മാത്രമല്ല ആഴ്ചകളോളം പോലീസ് ആളുകളെ കസ്റ്റഡിയിലെടുത്ത് എല്ലാ നിയമവ്യവസ്ഥകളും ലംഘിച്ചു ലോക്കപ്പിൽഇട്ടിട്ടുള്ളതിന്റെഎത്രയോ അനുഭവങ്ങൾനമ്മുടെരാജ്യത്തുണ്ടായിട്ടുണ്ട്. ഒരാളെ കസ്റ്റഡിയിലെടുത്താൽ റിക്കാർഡില്ല. റിക്കാർഡ് ചെയ്യേണ്ടത് പോലീസുദ്യോഗസ്ഥൻമാരാണ്. റിക്കാർഡില്ലാതെ എത്ര ദിവസം വേണമെങ്കിലും അവർക്ക് കസ്റ്റഡിയിൽ വയ്ക്കാൻ കഴിയുന്നു. ഇതിന്റെ എത്രയോ ഉദാഹരണങ്ങൾ മുൻപും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇപ്പോഴും അത് പ്രശ്നമായി നിലനിൽക്കുന്നു. ഇവിടെ ഉഷയുടെ കാര്യം അടുത്ത അവസരത്തിൽ ഉണ്ടായിട്ടുള്ള ഉദാഹരണമായി പറഞ്ഞു. ഉഷ കുറ്റക്കാരിയാണോ അല്ലയോ എന്ന് നമുക്കറിയില്ല, പക്ഷെ കുറ്റം തെളിയിക്കുന്നതിനുവേണ്ടി എത്ര ഭീകരമായ നടപടികളാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇത്തരം നടപടികൾ സ്വീകരിച്ചാൽ ആ സ്വീകരിക്കുന്നവർ ശിക്ഷിക്കപ്പെടുന്നില്ല എന്നുള്ളത് യാഥാർത്ഥ്യം മാത്രമാണ്. കണ്ണന്റേറയും, വിജയന്റേറയും പ്രശ്നം പറഞ്ഞു. കണ്ണന്റേറയും വിജയന്റേറയും കൊലയെ സംബന്ധിച്ച് കേസെടുത്തിരിക്കുകയാണ്. എത്രമാത്രം ശക്തിയായിട്ടുള്ള പ്രക്ഷോഭണം ഉയർന്നുവന്ന ശേഷമാണ് അത്തരം നടപടിയെടുക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്നത് എന്ന് നമുക്കറിയാം. പലപ്പോഴും ഇവിടെ ഭരിച്ചിട്ടുള്ള ഗവൺമെന്റുകൾ ഇത്തരം കുറ്റകൃത്യങ്ങളുടെ നേരെ കാണിക്കുന്ന അലംഭാവമാണ് പോലീസുദ്യോഗസ്ഥൻമാർ ഇത്ര ക്രൂരമായി പെരുമാറാൻ കാരണം. അവരെ എല്ലാവരേയും ഞാനാക്ഷേപിക്കുന്നില്ല. എല്ലാവരും ഈ മർദ്ദനം ഒരു സ്വഭാവമാക്കിയിട്ടുള്ളവരാണെന്ന് എനിക്കഭിപ്രായമില്ല. പക്ഷെ ചില ആളുകൾ എന്തെന്ത് ക്രൂരകൃത്യങ്ങൾ നടത്തിയാലും ചോദ്യം ചെയ്യുക എന്ന നില ഉണ്ടാകുന്നില്ല. അതിന് മാറ്റമുണ്ടാകുന്നില്ലെങ്കിൽ നാം ഒരു നിയമം കൊണ്ടുവന്നാലും അത് ഉദ്ദേശിച്ചിട്ടുള്ളവിധം നടപ്പിലാവുകയല്ല ചെയ്യുക—അതിൽനിന്ന് വ്യത്യസ്തമായി പ്രവർത്തിക്കാനുള്ള പരിതഃസ്ഥിതി നിലനിൽക്കുകയാണ് ചെയ്യുക.

ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് എന്താണ് ചെയ്യാൻ പോകുന്നതെന്ന് നമുക്കറിയാം; ഒരു നയവുമില്ലാത്ത ഗവൺമെന്റാണിവിടെ ഭരിക്കുന്നത് എന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. എങ്ങനെയാണ് ഇതിനെ വിശേഷിപ്പിക്കേണ്ടതെന്ന് അറിയുകയില്ല. നയം നടപ്പിലാക്കുന്നതുവരെ എന്തും ഈ രാജ്യത്ത് നടപ്പാകാനുള്ള പരിതഃസ്ഥിതി നിലനിൽക്കുകയാണ്. നിയമവിരുദ്ധമായ രീതിയിൽ ആർക്കും എന്തും ചെയ്യാൻ സാധിക്കുന്ന നില അവസാനിപ്പിക്കേണ്ടതായിട്ടുണ്ട്. അത് സാധിക്കണമെങ്കിൽ ഏതുഭാഗത്തു നിന്നു പ്രശ്നം ഉന്നയിക്കപ്പെടുന്നുവെന്ന് നോക്കാതെ ആരാണ് മർദ്ദനത്തിന് വിധേയരായതെന്ന് നോക്കാതെ നടപടിയെടുക്കാൻ ഗവൺമെൻറുകൾക്ക് കഴിയണം.

സർ, ഇവിടത്തെ ഗവൺമെൻറുകളുടെ നില എന്താണ്? ഏതു പ്രശ്നം ഉന്നയിച്ചാലും അത് ഉന്നയിക്കുന്നത് ആരാണ് എന്നുള്ളത് നോക്കിയിട്ടാണ് നടപടികൾ സ്വീകരിക്കുന്നത്. സഖാവ് ശ്രീ. പിണറായി വിജയന്റെ പ്രശ്നം ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. എല്ലാവർക്കും അതിനെപ്പറ്റി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ശ്രീ. ശങ്കരൻകുട്ടിയുടേയും മറ്റും നിലപാട് ഇപ്പോൾ എന്താണെന്നുള്ളത് അറിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

സഖാവ് പിണറായി വിജയന്റെ പ്രശ്നം വളരെ ഗൗരവമായി ഉന്നയിച്ചത് അദ്ദേഹവും, അദ്ദേഹത്തെപ്പോലുള്ള മെമ്പർമാരും ആയിരുന്നു. അന്ന് ഈ സഭയിലെ ഉത്തരവാദപ്പെട്ട ഒരു മെമ്പർ ക്രൂരമായ വിധത്തിൽ ആക്രമിക്കപ്പെട്ടിട്ട് അതിനെ എത്ര ലാഘവബുദ്ധിയോടെയാണ് ഭരണാധികാരികൾ കൈകാര്യം ചെയ്തിട്ടുള്ളത് എന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. ശ്രീ. പിണറായി വിജയൻ കൊടുത്തിട്ടുള്ള ആക്ഷേപത്തെപ്പറ്റി അദ്ദേഹത്തോടുപോലും ചോദിക്കാതെ വെറും ഒരു പ്രഹസനം എന്നുള്ള നിലയിൽ അങ്ങനെയുള്ള സംഭവമൊന്നും നടന്നിട്ടില്ലെന്നുള്ള റിപ്പോർട്ട് വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരം ഒരു നിലപാടാണ് ഗവൺമെൻറ് സ്വീകരിക്കുന്നതെങ്കിൽ ഇവിടെ ഏത് നിയമം പാസ്സാക്കിയതുകൊണ്ടും ഒരു കാര്യവും നടക്കാൻ പോകുന്നില്ല. നിയമം പാസ്സാക്കുന്നുണ്ടോയെന്നുള്ളതല്ല, പാസ്സാക്കിയ നിയമങ്ങളെ എങ്ങനെ നടപ്പിലാക്കുന്നു എന്നുള്ളതാണ് ഗൗരവമായി എടുക്കേണ്ടത്.

സർ, ഇവിടെ പോലീസിന്റെ നടപടികളെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഈ സഭയിലുള്ള എല്ലാ ആളുകളും ആക്ഷേപിച്ചിട്ടുള്ള, ആരും തന്നെ ന്യായീകരിക്കാൻ ശ്രമിച്ചിട്ടില്ലാത്ത ഒരു പ്രശ്നമാണ് ആർ. എസ്. എസ്സിന്റെ പ്രശ്നം. അങ്ങനെ എല്ലാവരാലും ആക്ഷേപിക്കപ്പെട്ടിട്ടുള്ള ആ സംഘടനയുടെ പ്രവർത്തനം എന്താണെന്നുള്ളത് എല്ലാവർക്കും അറിവുള്ളതാണ്. ആയുധ പരിശീലനം നടത്തുന്നത് ഈ രാജ്യത്ത് ഏതെങ്കിലും ജനവിഭാഗത്തിന്റെ പ്രത്യേക താൽപ്പര്യത്തിനുവേണ്ടി അല്ല. മതന്യൂനപക്ഷങ്ങൾക്കെതിരായ, മതന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം നൽകുന്ന വിഭാഗങ്ങൾക്കെതിരായ, ജനാധിപത്യപ്രസ്ഥാനത്തിനെതിരായ ഏറ്റവും ശക്തമായ ഒരു ഫാസിസ്റ്റ് പ്രസ്ഥാനം എന്നുള്ള നിലയ്ക്കാണ് നാം ആർ. എസ്. എസ്സിനെ ആക്ഷേപിച്ചിട്ടുള്ളത്. ആ ആർ. എസ്. എസിനു നേരെ അതിന്റെ അക്രമരാഷ്ട്രീയത്തിനു നേരെ നമ്മുടെ രാജ്യത്തെ പോലീസുകാർ എടുത്തിട്ടുള്ള നിലപാട് എന്താണെന്നുള്ളത് നാം ഈ അവസരത്തിൽ പരിശോധിച്ചു നോക്കണം.

സർ, കണ്ണൂർ ജില്ലയിൽ ഏറ്റവും വലിയ ആർ. എസ്. എസ്. ആക്രമണം ഞങ്ങളുടെ പാർട്ടിയുടെ പ്രവർത്തകൻമാർക്ക് നേരെ നടക്കുകയുണ്ടായി. കാഞ്ഞങ്ങാട് ഭാഗത്ത് ആക്രമണം നടത്തിയിട്ടുള്ള ആക്രമണകാരികളെ സംരക്ഷിക്കുന്ന നിലപാടാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. ആർ. എസ്. എസ്. കാരായിട്ടുള്ള ആളുകളുടെ പേരിൽ നടപടികൾ എടുക്കാൻ നിർബന്ധിക്കപ്പെട്ടപ്പോഴത്തന്നെ പോലീസിന്റെ അകമ്പടിയോടുകൂടി ജാമ്യത്തിൽ ഇറക്കി സംരക്ഷണം കൊടുക്കുന്ന നിലപാടാണ് പോലീസ് സ്വീകരിച്ചിട്ടുള്ളതെന്ന് കാണാൻ സാധിക്കും. തങ്ങൾക്ക് ഇഷ്ടമുള്ള വിധത്തിൽ നിയമം നടപ്പിലാക്കാമെന്നുള്ള നില ഇന്ന് പോലീസുകാർ സ്വീകരിച്ചു വരുന്നുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. ഇതിനെപ്പറ്റിയെല്ലാം ഗൗരവമായി ആലോചിക്കാൻ ഗവൺമെൻറ് തയ്യാറുണ്ടോയെന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. അതിനെപ്പറ്റി ഗൗരവമായി ആലോചിക്കാനും അതിന് പരിഹാരം കാണാനും സാധിക്കുന്നില്ലെങ്കിൽ ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് നിയമം കൊണ്ടുവരുന്നതോടൊപ്പംതന്നെ ആ നിയമം ശരിയായ വിധത്തിൽ നടപ്പിൽ വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കാനും അതിന് ഉദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്ക് വിപരീതമായി ഏതെങ്കിലും ഭാഗത്തുനിന്നും ഉള്ള നിയമലംഘനം ഉണ്ടാവുകയാണെങ്കിൽ ആ കാര്യത്തിൽ നടപടി - എടുക്കാനും ഗവൺമെൻറ് തയ്യാറാകേണ്ടതായിട്ടുണ്ടെന്നുള്ളതാണ്. അങ്ങനെ തയ്യാറാകുന്നുവെങ്കിൽ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

നിയമം പാസ്സാക്കിയതുകൊണ്ട് പ്രയോജനം ഉള്ളൂ എന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് കള്ളവുമുതൽ സൂക്ഷിക്കുന്ന ആളുകളെ ശിക്ഷിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ നടപ്പിൽ വരുത്തുന്ന ബില്ലിനെ അനുകൂലിക്കുന്നു. അതോടൊപ്പംതന്നെ നിയമവിരുദ്ധമായ നടപടികളും നിയമം നടപ്പിലാക്കുന്ന വിഭാഗത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമ്പോൾ കർശനമായി അതിനെ തടയാനും കുറ്റവാളികളായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻമാരെ ശിക്ഷിക്കാനും ഉള്ള നടപടികൾകൂടി എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന്റെ ഭാഗമായിത്തന്നെ ഇപ്പോൾ ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിൽ ഉണ്ടായിട്ടുള്ള സംഭവത്തെ സംബന്ധിച്ച് നടപടി എടുക്കാൻ ഗവൺമെന്റ് അടിയന്തിരമായി മുമ്പോട്ട് വരേണ്ടതുണ്ട്. ഇത്തരം കുറ്റവാളികൾ ഒരിക്കലും രക്ഷപ്പെടാൻ പോകുന്നില്ലെന്നുള്ള നിലയിൽ കർശനമായ നടപടിക്ക് വിധേയമാക്കണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കർ: സർ, ഈ ബിൽ പരസ്യപ്പെടുത്തിയതിനുശേഷം കുറെ നാളുകൾക്കുശേഷമേ പാസ്സാക്കാവൂ എന്നുള്ള രീതിയിൽ ഞാൻ ഭരണപക്ഷത്തിരിക്കുമ്പോൾ ഒരു ഭേദഗതി കൊടുത്തിരുന്നു. ഇന്നും ആ അഭിപ്രായത്തിൽ മാറ്റമില്ല. ഈ രാജ്യത്തെ പോലീസ് ഇനി എന്തുചെയ്യുമെന്നുള്ള കാര്യത്തിൽ ഇന്ന് രാവിലെ നടന്ന സംഭവങ്ങൾ കുറെ വ്യക്തത നൽകുന്നുണ്ട്. ഒരു നയവുമില്ലാത്ത ഗവൺമെന്റിന്റെ കീഴിലുള്ള പോലീസ് എന്തായിരിക്കും ചെയ്യുകയെന്നുള്ളത് വളരെ ആലോചനാർഹമായ കാര്യമാണ്. റൗഡികൾ റോഡിൽ ഭരിക്കുന്നുണ്ട്. അവർക്ക് പ്രത്യേകമായിട്ട് നയമൊന്നുമില്ല. അതുമാതിരിയാകുമോ നമ്മുടെ ഗവൺമെന്റ് എന്ന് ഞാൻ ഭയപ്പെടുന്നുണ്ട്. അതിന് ആയുധമായിരിക്കും പോലീസെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ഇപ്പോൾ കള്ളവുപോയിട്ടുള്ള സാധനങ്ങൾ കണ്ടുപിടിച്ചാൽ ശിക്ഷിക്കണം എന്നുള്ളത് അംഗീകരിക്കാം. പക്ഷെ നമ്മുടെ ദുബായിൽ നിന്നും വന്നിട്ടുള്ള സുഹൃത്തുക്കളുടെ കൈയിൽ അവിടെനിന്നും കൊണ്ടുവന്നിട്ടുള്ള വാച്ചുകൾ കെട്ടിയിട്ടുണ്ട്. അവരോട് ബിൽ ചോദിച്ചാൽ കാണാൻ സാധിക്കുകയില്ല. വിരോധം ഉള്ളവരെ പിടിക്കാൻ ഉപയോഗിക്കാൻ കഴിയുമെന്നുള്ളതാണ് ഈ വകുപ്പുകൊണ്ടുള്ള ഏറ്റവും വലിയ ദൂഷ്യം. കൈകാര്യം ചെയ്യുന്നവർക്ക് ഒരു നയവും ഇല്ലാത്ത സ്ഥിതിക്ക് പോലീസ്സിന്റെ കൈയിൽ ഇത് കിട്ടിയാൽ ഉള്ള അപകടം എന്തായിരിക്കുമെന്നുള്ള കാര്യമാണ് യഥാർത്ഥത്തിൽ ചിന്തിച്ചുപോകുന്നത്.

ശ്രീ. ഈ. പി. ഗോപാലൻ: പോലീസ്സുകാരുടേയും ഉദ്യോഗസ്ഥൻമാരുടേയും കൈയിൽ കിടക്കുന്ന വിലപിടിച്ച വാച്ചുകൾ, അവരുടെ വീടുകളിൽ ഉള്ള സാധനങ്ങൾ എന്നിവയ്ക്ക് രസീത് ഉണ്ടോ, എവിടെനിന്നും വാങ്ങിച്ചു എന്നുള്ളത് അറിയുന്നതിന് ഒരു ഭേദഗതി ചേർത്താൽ ശരിയാകുമോ?

ശ്രീ. പി. ശങ്കർ: ഞാൻ അങ്ങനെയൊരു ഭേദഗതിയും കൊടുത്തിട്ടില്ല. അത് ഔദ്യോഗികമായി കൊണ്ടുവരുകയോ അതല്ല ഓറൽ ആയി കൊണ്ടുവരികയോ ചെയ്താൽ അംഗീകരിച്ചുകൊടുക്കാൻ തയ്യാറാണ്. അതുകൊണ്ട് ആ രീതിയിൽ ഈ നിയമം പ്രസിദ്ധപ്പെടുത്തണം. പ്രസിദ്ധപ്പെടുത്തി കുറെ കഴിഞ്ഞ് ജനങ്ങളുടെ അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷം മാത്രമേ നടപ്പിൽ വരുത്താൻ ശ്രമിക്കാവൂ എന്നാണ് എനിക്ക് പറയാ

നുള്ളത്. പോലീസ് നാട്ടിൽ കാട്ടിക്കൂട്ടുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടെ എനിക്കു മുമ്പ് പ്രസംഗിച്ച മെമ്പർമാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ അടുത്ത ദിവസം ചങ്ങനാശ്ശേരിയിൽ നടന്ന സംഭവം, ഈ അടുത്ത ദിവസം തിരുവനന്തപുരത്ത് ലോക്കപ്പിൽ നടന്ന സംഭവം ഇവയെല്ലാം നമ്മെ ഞെട്ടിപ്പിക്കുന്ന സംഭവങ്ങളാണ്. ലോക്കപ്പ് മർദ്ദനം പാടില്ലെന്ന് എല്ലാ ഗവൺമെൻറുകളും പറഞ്ഞിട്ടുള്ളതാണ്. പക്ഷെ ഇടയ്ക്കിടയ്ക്ക് ലോക്കപ്പിൽവച്ച് കൊലകൂടി നടക്കുന്നുണ്ട്. ഇങ്ങനെ ചെയ്യുന്നവർക്കെതിരായി ഉള്ള നടപടികളും എടുക്കുന്ന കാര്യത്തിൽ നിശ്ചയമായും വളരെയധികം തകരാറുകളും ഉണ്ടെന്നേ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ആദ്യം പറഞ്ഞ തീയതി കഴിഞ്ഞുപോയിരിക്കുകയാണ്. എന്നിരുന്നാലും ഡിസംബർ 31-ാം തീയതിവരെയെങ്കിലും പബ്ലിഷ് ചെയ്ത് ജനങ്ങളുടെ അഭിപ്രായങ്ങൾ ആരാഞ്ഞ് അതിനുശേഷം ഇത് അവതരിപ്പിച്ച് പാസ്സാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. എ. കുര്യൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ പോലീസിന് വേണ്ടത്ര അധികാരങ്ങളുണ്ട്. ഇന്ന് നിലവിലുള്ള നിയമം അനുസരിച്ച് തന്നെ കളവ് ചെയ്യുന്നവരെ കണ്ടുപിടിക്കുവാനുള്ള അവസരവും സൗകര്യവും ഉണ്ട്. അതുപോലെതന്നെ മോഷണം നടത്തിയ മുതൽ കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകളെ കണ്ടുപിടിക്കുന്നതിനും അവരെ പിടിക്കുന്നതിനും ഇന്നത്തെ നിയമം മതിയാകും. ഇന്നത്തെ ഈ ഗവൺമെൻറിന് യാതൊരു നയവുമില്ലായെന്ന് പ്രഖ്യാപിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ വരാൻ പോകുന്ന നാളുകൾ വളരെ ദുർഘടമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

ഇപ്പോൾ മാതൃഭൂമി പത്രം ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. അതുകൊണ്ട്, നൂറുകണക്കിന് കുടുംബങ്ങൾ പട്ടിണിയിൽ കഴിയുകയാണ്. വർക്കിംഗ് ജേർണലിസ്റ്റുകൾ അവരുടെ അവകാശങ്ങൾ ചോദിച്ച അവസരത്തിൽ മാനേജ്മെൻറ് ലോക്കൗട്ട് ചെയ്തു. ആരാണ് ഇതിന്റെ മാനേജുമെൻറ്? അപ്പുറത്തിരിക്കുന്ന ജനതാപാർട്ടിയുടെ സമുന്നതൻമാരായ നേതാക്കൻമാരാണു ഡയറക്ടർ ബോർഡിൽ ഉള്ളത്. ഡയറക്ടർ പശ്ചിമ ജർമ്മനിയിലേക്ക് പറന്നിരിക്കുകയാണ്. സമീപകാലത്ത് പശ്ചിമ ജർമ്മനിയിൽ നിന്നും പലർക്കും ആവേശം കിട്ടിയിട്ടുണ്ട്. കൂടുതൽ ആവേശം കിട്ടുവാൻ വേണ്ടിയാണ് ഇപ്പോൾ ഡയറക്ടർ പോയിരിക്കുന്നത്. വർക്കിംഗ് ജേർണലിസ്റ്റുകൾ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങളെ കുറിച്ച് എന്തുകൊണ്ട് ഈ ഗവൺമെൻറ് അനങ്ങിയില്ല. ഇന്ന് മാതൃഭൂമി പത്രമാഫീസ് പടിക്കൽ പോലീസുകാർ കാവൽ നിൽക്കുകയാണ്. അതായത് ലോക്കൗട്ട് ചെയ്ത ഒരു സ്ഥാപനത്തിന് മുൻപിൽ പോലീസുകാർ കാവൽ നിൽക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ആ പ്രശ്നത്തിൽ ഇടപെടരുത് എന്നാണ് അവിടത്തെ ഡയറക്ടർമാർ പറയുന്നത്. ഇത് സാധാരണഗതിയിൽ ലേബർ ഡിപ്പാർട്ടുമെൻറ് കൈകാര്യം ചെയ്യേണ്ട ഒരു പ്രശ്നമാണ്. ഇത്രയും ഗുരുതരമായ ഒരു പ്രശ്നം അവിടെയുണ്ടായിട്ട് എന്തുകൊണ്ട് അതിനൊരു പരിഹാരം കാണുവാൻ മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഇടപെടുന്നില്ല. ഇതിനൊരു പരിഹാരം കാണാൻ കഴിയാതിരിക്കുന്നത് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ ഒരു നയം ഇല്ലാത്തതുകൊണ്ടായിരിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഒരു ചോദ്യം. മാതൃഭൂമിയിൽ സമരം തുടങ്ങിയിട്ട് എത്ര കാലമായി; അന്ന് ആരായിരുന്നു മുഖ്യമന്ത്രി ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: ന്യായമായ ഏത് തൊഴിൽ സമരങ്ങളും ഉണ്ടായാലും അതിന് പിന്തുണ കൊടുക്കുന്നവരാണ് ഞങ്ങൾ. അന്ന് ഒരു നയമുണ്ടായിരുന്നു. ഇന്നാണെങ്കിൽ നിങ്ങൾക്ക് ഒരു നയമില്ല. ഗവൺമെന്റിന് ഒരു നയമില്ലാതിരുന്നാൽ പിന്നെ എങ്ങനെയാണ് ഒരു സമരത്തെ നേരിടുന്നത്? ജനതാപാർട്ടിയിലെ പ്രഗൽഭൻമാരായ നേതാക്കൻമാർ ഉൾക്കൊള്ളുന്ന ഒരു ഡയറക്ടർ ബോർഡാണ് അവിടെയുള്ളത്. നിയമവിരുദ്ധമായി ലോക്കൗട്ട് ചെയ്ത മാനേജുമെന്റിനെതിരായി എന്തുകൊണ്ട് ഒരു നടപടിയെടുക്കുവാൻ നിങ്ങൾക്കു കഴിയുന്നില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് ഒരു തൊഴിലാളി പ്രവർത്തകൻ കൂടിയാണല്ലോ.

കഴിഞ്ഞ ഒരുദിവസം ദേവികുളം പോലീസ് സ്റ്റേഷനിൽ ഒരു എ. ഐ. ടി. യു. സി. പ്രവർത്തകൻ ഒരു പരാതിയുമായി ചെന്നു. മുത്തുക്കണ്ണൻ എന്നുപേരുള്ള ഒരു പാവപ്പെട്ട തൊഴിലാളി പ്രവർത്തകനാണ് പരാതിയുമായി പോലീസ് സ്റ്റേഷനിൽ ചെന്നത്. അദ്ദേഹം ഒരു തമിഴൻ കൂടിയാണ്. അയാൾ അവിടെ ചെന്ന അവസരത്തിൽ ഒരു കാരണവും പറയാതെ ആ പാവപ്പെട്ട തൊഴിലാളി പ്രവർത്തകനെ അവിടെ വച്ച് അടിച്ചു. ഗവൺമെൻറിന് ഒരു നയമില്ലായെന്ന് പ്രഖ്യാപിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ പലരുടേയും നട്ടെല്ല് പോകുന്ന ലക്ഷണമുണ്ട്.

പോലീസിന് കൂടുതൽ അധികാരങ്ങൾ കൊടുത്താൽ വരാൻ പോകുന്ന കാലഘട്ടത്തിൽ ഉണ്ടാകാവുന്ന തൊഴിലാളി സമരങ്ങളെ അടിച്ചമർത്തുന്നതിന് സാധിക്കും.

ഈ രാജ്യത്ത് അനുദിനമെന്നോണം നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിനെതിരായി കർശന നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. കരുതൽ തടങ്കൽ നിയമം നടപ്പിലാക്കരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുള്ളതായി മനസ്സിലാക്കുവാൻ കഴിഞ്ഞു. ഇന്നത്തെ നിയമം വച്ചുകൊണ്ടും പുതിയപുതിയ നിയമങ്ങൾ കൊണ്ടുവന്നുകൊണ്ടും പോലീസുകാർക്കും എക്സിക്യൂട്ടീവ് അധികാരികൾക്കും കൂടുതൽ ആയുധങ്ങൾ നൽകുന്നത് തീർച്ചയായും വരാൻ പോകുന്ന കാലഘട്ടത്തിന്റെ സൂചനയാണ്. അരിക്കും പയറിനും തുണിക്കും എന്നുവേണ്ടാ എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും വിലവർദ്ധിച്ചിരിക്കുകയാണ്, അതിനെതിരായി ഈ ഗവൺമെൻറിന് എന്ത് ചെയ്യാൻ കഴിയും. ഈ ഗവൺമെൻറിന് ഒരു നയവുമില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്ന സ്ഥിതിക്ക് കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പ്പുകാർക്കും ഇഷ്ടം പോലെ വ്യാപാരം നടത്താം. അതിനുള്ള ലൈസൻസ് കൊടുത്തിരിക്കുകയാണ്.

പോലീസിന് കൂടുതൽ കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നത് വളരെ ആലോചിച്ചുവേണമെന്ന് എനിക്കൊരഭ്യർത്ഥന ഉണ്ട്. പത്തൊൻപത് വയസ്സ് പ്രായമുള്ള ഒരു യുവതിയെ ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നു. ചങ്ങനാശ്ശേരിയെ പ്രതിനിധീകരിച്ചുകൊണ്ട് ശ്രീ. ചാക്കോച്ചൻ ഉൾപ്പെടെയുള്ള ആളുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് നിവേദനം നടത്തിയതായി മനസ്സിലാക്കുന്നു. ഇത് പത്രത്തിലൂടെ അറിഞ്ഞവിവരമാണ്. ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന് യുവതിയെ മൃഗീയമായി പോലീസ് മർദ്ദിച്ചു. അതിനെതിരായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഞാൻ ഇത് പറയുമ്പോൾ അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടുണ്ടാകുമെന്ന് എനിക്കറിയാം. അതു മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് ഞാൻ ഈ കാര്യം ഇവിടെ പറഞ്ഞത്.

ശ്രീ. ഒ. ലൂക്കോസ്: മോഷണവസ്തുക്കളും കൊണ്ടുവന്ന കൂട്ടത്തിൽ ആണോ ഈ സ്ത്രീയേയും കൊണ്ടുവന്നത്.

ശ്രീ. സി. എ. കുര്യൻ: ആ യുവതിയെ മൃഗീയമായി മർദ്ദിച്ച പോലീസുദ്യോഗസ്ഥന്റെമേൽ നടപടിയെടുക്കാതെ വീണ്ടും വീണ്ടും പോലീസുകാർക്ക് കൂടുതൽ കൂടുതൽ അധികാരങ്ങളും കൊടുക്കുന്നത് ഒരു കാരണവശാലും ശരിയല്ല. രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ ആരെയും ജയിലിലടയ്ക്കുവാൻ കഴിയും.

ശ്രീ. പി. ബി. ആർ. പിള്ള: അടിയന്തിരാവസ്ഥക്ക് ശിങ്കിടിപാടി നടന്നവർ ഇപ്പോഴും ഇങ്ങനെ പറയുന്നതിൽ പ്രയാസമുണ്ട്.

ശ്രീ. സി. എ. കുര്യൻ: ശ്രീമതി ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയും ബോണസ് വെട്ടിക്കുറയ്ക്കുകയും ചെയ്തപ്പോഴും ഞങ്ങളും അതിനെതിരായി ....(സഭയിൽ ബഹളം)..... ....ശ്രീമതി ഇന്ദിരാഗാന്ധിയും അവരുടെ പാർട്ടിക്കാരും സി. പി. ഐ. ക്ക് എതിരായി കടന്നാക്രമണം നടത്തിയ കാര്യം എന്റെ ബഹുമാന്യസ്നേഹിതൻ മറന്നു കളയരുത്. ഏതായാലും അപ്പുറത്തിരിക്കുന്ന ആളുകളുടെ വ്യക്തിപരമായ അഭിപ്രായമുണ്ടായിരിക്കാം. കുറേപ്പേർ പറയുന്നു സാമുദായിക സംവരണം വേണമെന്ന്. എന്നാൽ വേറെ കുറേപ്പേർ പറയുന്നു അത് പാടില്ലായെന്ന്. സാമുദായിക സംവരണം നിലനിറുത്തണം എന്നുതന്നെയാണ് ഞങ്ങളും വാദിക്കുന്നത്.

പക്ഷെ അപ്പുറത്തിരിക്കുന്ന ഒരു പാർട്ടിയുടെ സമുന്നതനായ നേതാവ് പരസ്യമായി ഈ രാജ്യത്തെപിന്നോക്കസമുദായങ്ങളുടെയും ന്യൂനപക്ഷസമുദായങ്ങളുടെയും വികാരത്തിനെതിരായി കത്തിയെറിഞ്ഞ അവസരത്തിൽ അതിനെ നിഷേധിക്കാൻ എന്തു കൊണ്ടാണ് ആരും മുന്നോട്ടുവരാത്തത്?

ശ്രീ. പി. ബി. ആർ. പിള്ള: അതുകൊണ്ടാണോ നെട്ടൂർ കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞത്? നെട്ടൂർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കേണ്ടതിനു പുതിയ കമ്മീഷനെ നിയമിക്കുമെന്ന് പറഞ്ഞത് ന്യൂനപക്ഷങ്ങളോടുള്ള ബഹുമാനം കൊണ്ടാണോ?

ശ്രീ. സി. എ. കുര്യൻ: പി. ബി. ആർ. പിള്ളയെപ്പോലെ എല്ലാ കാര്യങ്ങളും അറിയാമെന്ന് ഞാൻ അവകാശപ്പെടുന്നില്ല. നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് പഠിച്ചിട്ട് ഞാൻ പറയാം. ഈ ഗവൺമെന്റിന് നയമില്ലെന്ന് പറഞ്ഞു.

ശ്രീ. പി. ബാലൻ: ഈ ഗവൺമെന്റിന് നയമില്ലെന്ന് പറയുന്നു. നിങ്ങളുടെ പാർട്ടിയുടെ സംസ്ഥാനകമ്മിറ്റിയും പി. കെ. വി. യും എടുത്ത നയം സി. പി. ഐ. യുടെ ലിക്യുഡേഷനിലാണ് ചെന്ന് അവസാനിക്കുകയെന്ന് ഡാങ്കേ പറഞ്ഞതിനെ കുറിച്ചുള്ള അഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: ഡാങ്കേ ഞങ്ങളുടെ നേതാവ് തന്നെയാണ്. തെറ്റിദ്ധരിക്കുകയൊന്നും വേണ്ട. ഇൻഡ്യയിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ അനിഷേദ്ധ്യനേതാവ് തന്നെയാണ് ഡാങ്കേ.

ശ്രീ. പി. ബാലൻ: ഡാങ്കേ പറഞ്ഞത് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ?

ശ്രീ. സി. എ. കുര്യൻ: ഡാങ്കേ അങ്ങനെ പറഞ്ഞതായിട്ട് ഞാൻ അറിഞ്ഞിട്ടേയില്ല.

ശ്രീ. പി. ബാലൻ: പത്രം വായിക്കാറില്ലേ?

ശ്രീ. സി. എ. കുര്യൻ: പത്രത്തിൽ കാണുന്നതെല്ലാം വിശ്വസിക്കുകയാണെങ്കിൽ നമ്മൾക്ക് ഇവിടെ ഇരിക്കാനൊക്കുമോ? കൂട്ടായി തീരുമാനമെടുക്കുന്ന കക്ഷിയാണ് ഞങ്ങളുടെ കക്ഷി. കശുവണ്ടിത്തൊഴിലാളികളുടെ ക്ഷേമനിധിയെ സംബന്ധിച്ച ഒരു ബില്ല് ഇവിടെ കൊണ്ടുവന്നു. ആ ബില്ല് പാസ്സാക്കുമോയെന്ന് എനിക്ക് സംശയമുണ്ട്. ഈ ഗവൺമെന്റിനു നയമില്ലെന്ന് പറഞ്ഞു. കശുവണ്ടി മുതലാളി.....

ശ്രീ. പി. സീതിഹാജി: സർ, ഇവിടെ പോലീസ് ബില്ലിനെപ്പറ്റിയാണ് ചർച്ച നടക്കുന്നത്, ബഹുമാനപ്പെട്ട മെമ്പർ കശുവണ്ടിയുടെ കാര്യത്തെപ്പറ്റിയാണ് പറയുന്നത്. അത് ആർഡറിലാണോ?

ശ്രീ. സി. എ. കുര്യൻ: അതിനൊന്നും മറുപടി പറയേണ്ട ആവശ്യമില്ല. കശുവണ്ടിത്തൊഴിലാളികളുടെ കാര്യത്തെപ്പറ്റി പറയണ്ടേ? നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി കശുവണ്ടിമുതലാളിമാരുടെ നടുവിൽ നിൽക്കുന്നു. പത്രത്തിൽ കണ്ടതാണ്. അദ്ദേഹം മന്ത്രിയായപ്പോൾ കശുവണ്ടിമുതലാളിമാർ സ്വീകരിച്ചതാണ്. കശുവണ്ടി മുതലാളിമാരുടെ താൽപ്പര്യത്തിനെതിരായി ലക്ഷക്കണക്കിന് പാവപ്പെട്ട കശുവണ്ടിത്തൊഴിലാളികളുടെ നൻമയ്ക്കായി കഴിഞ്ഞ ഗവൺമെന്റുകൊണ്ടുവന്നിട്ടുള്ള ആ ബില്ല് നിയമമാകുമെന്നുള്ളതിന് എന്താണ് ഗ്യാരൻറി? കശുവണ്ടി മുതലാളിമാർ പടക്കം പൊട്ടിക്കുകയാണ്. എനിക്ക് അതിൽ വിരോധമില്ല. ഗവൺമെന്റിനു നയമില്ലാത്തതിന്റെ പേരിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വളരെ പുരോഗമനപരമായ പല നിയമങ്ങളും നടപ്പാകുമെന്നുള്ളതിന് എന്താണ് ഉറപ്പ്? നയം ഉണ്ടായിട്ട് പോരേ ബാക്കി കാര്യങ്ങൾ. ഹിറ്റ്ലർക്കുപോലും നയമുണ്ടായിരുന്നു. ഇന്ദിരാഗാന്ധിയ്ക്ക് നയമുണ്ടായിരുന്നു. ഈ ഗവൺമെന്റിന്റെ നയം എന്താണ്? ഈ രാജ്യത്തെ പാവപ്പെട്ടവർക്ക് അനുകൂലമായിട്ടുള്ള നയമാണ് ഉള്ളതെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞാൽ ഈ ഗവൺമെന്റ് പോകുന്നെങ്കിൽ പോകട്ടെ. ഇത് ഒരാൾ വടക്കോട്ടു പിടിക്കുമ്പോൾ ഒരാൾ തെക്കോട്ട് പിടിക്കും, ഒരാൾ കശുവണ്ടി മുതലാളിമാർക്കുവേണ്ടി പിടിക്കുന്നു, മറ്റൊരാൾ ജൻമിമാർക്കുവേണ്ടി പിടിക്കുന്നു.

ശ്രീ. സേവ്യർ അറയ്ക്കൽ: ഇത്രയുംകാലം നിങ്ങൾ ഭരിച്ചിരുന്നപ്പോഴും ഇതായിരുന്നില്ലേ നടന്നിരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: കശുവണ്ടിതൊഴിലാളികൾക്ക് അനുകൂലമായ ബില്ല് മുൻഗവൺമെൻറ് കൊണ്ടുവന്നു. ഇന്നായിരുന്നെങ്കിൽ കൊണ്ടുവരികയില്ലായിരുന്നുവെന്ന് ഞങ്ങൾക്കറിയാം. കശുവണ്ടിതൊഴിലാളികൾക്ക് അനുകൂലമായ ബില്ല് കൊണ്ടുവന്ന ഗവൺമെൻറ് ഇപ്പോൾ ഇല്ല. ആ ബില്ല് ഈ സെഷനിൽ തന്നെ പാസ്സാക്കുമോ?

ശ്രീ. ടി. എച്ച്. മുസ്തഫ: അത്രവലിയ പുരോഗമനസ്വഭാവം ഉണ്ടായിരുന്നെങ്കിൽ ഈ ബില്ലുകളൊക്കെ പാസ്സാക്കിയിട്ട് പോയാൽ പോരായിരുന്നോ, അതിനുമുമ്പ് എന്തിനാണ് ഇറങ്ങിപോയത്?

ശ്രീ. സി. എ. കുര്യൻ: ഒരുകാര്യം നിശ്ചയിക്കുമ്പോൾ അതിനകത്ത് പഴയ കുടിശ്ശിക ഫയലുകളെല്ലാം വരുത്തി കള്ള ഒപ്പ് ഇടുന്ന പാരമ്പര്യം ഞങ്ങൾക്കില്ല.

ശ്രീ. ടി. എച്ച് മുസ്തഫ: പോകാൻ സമയത്ത് കള്ള ഒപ്പ് ഇട്ട പല ഫയലുകളും ഞങ്ങൾ കാണുന്നുണ്ട്. ഏലക്ഷൻ നടക്കാത്ത സൊസൈറ്റികളിലേയ്ക്കൊക്കെ നോമിനികളെ നിയമിച്ചതായിട്ടുള്ള കഥകൾ പത്രത്തിൽ വരുന്നുണ്ട്.

ശ്രീ. സി. എ. കുര്യൻ: ബഹുമാനപ്പെട്ട മെമ്പർ ഇതിൻറെയൊക്കെ പുറകേപോയിയെന്നുള്ളതിൻറെ തെളിവല്ലേ?

ശ്രീ. ടി. എച്ച്. മുസ്തഫ: ഈ രാജ്യത്ത് അഴിമതി നടക്കുന്നുണ്ടോയെന്നുള്ളതിനെപ്പറ്റി അന്വേഷിക്കുകയെന്നുള്ളത് ഒരു നിയമസഭാ സാമാജികനെന്നുള്ളനിലയ്ക്ക് എൻറെ ജോലിയാണ്. ആ ജോലി ഞാൻ നിർവഹിക്കും.

ശ്രീ. സി. എ. കുര്യൻ: പ്രതിപക്ഷത്തുനിന്ന് ബഹുമാനപ്പെട്ട മുസ്തഫ അങ്ങോട്ടുമാറിയ അവസരത്തിൽ ഫയലിൻറെ പുറകേ പോയിയെന്ന് പറഞ്ഞാൽ തന്നെ കാര്യം എങ്ങനെ പോകുന്നുവെന്നുള്ളത് മനസ്സിലായി. 24 മണിക്കൂറും ഓരോ ഫയലിൻറേയും മുമ്പിൽപോയി കുമ്പിടുന്ന പാരമ്പര്യം ഞങ്ങൾക്കില്ല.

ശ്രീ. ടി. എച്ച്. മുസ്തഫ: ഈ രാജ്യത്തെ പത്രങ്ങളിൽ വരുന്ന കാര്യമാണ്. ഇവിടെ ഏലക്ഷൻ നടക്കാത്ത സൊസൈറ്റികളിലേയ്ക്കുള്ള ഗവൺമെൻറ് നോമിനികളെ കെയർടേക്കർ ആയിരുന്ന മന്ത്രിമാർ നിയമിച്ചു. ആ വാർത്ത പത്രത്തിലും രജിസ്ട്രാർമാരുടെ ആഫീസിലും സൊസൈറ്റികളിലുമൊക്കെ വരുന്നുണ്ട്. അത് ഈ രാജ്യത്തെ പബ്ലിക് ഡോക്യുമെൻസാണ്.

ശ്രീ. സി. എ. കുര്യൻ: കഴിഞ്ഞകാലത്തെ ഗവൺമെൻറ് ചെയ്തിരുന്ന നല്ല കാര്യങ്ങൾ റിവേഴ്സ് ചെയ്യുന്നതിനുവേണ്ടി തിരുത്തുന്നതിനുവേണ്ടി തീരുമാനമെടുത്തതിൻറെ സൂചനയാണ് ഇത്. കയർ സഹകരണ സംഘങ്ങൾ ഡയറക്ടർബോർഡ് രൂപീകരിച്ചിട്ടുണ്ടെങ്കിൽ അന്നത്തെ ഗവൺമെൻറ് ചെയ്തത് തെറ്റാണെന്നാണ് ബഹുമാനപ്പെട്ട മെമ്പറുടെ വാദത്തിൽനിന്ന് മനസ്സിലാകുന്നത്. കഴിഞ്ഞകാല ഗവൺമെൻറ് ചെയ്ത നല്ല കാര്യങ്ങളെ സപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന് ചോദിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

സപ്പോർട്ട് ആണ്. എന്നാൽ കൂടെയുണ്ടോ കൂടെയില്ല. ഏതായാലും അവരാണ് ഗിയർ ഇട്ട് കൊടുക്കുന്നത്. എന്തിനാണ് ഇതെല്ലാം പറയുന്നത്.

ശ്രീ. എ. പി. കുര്യൻ: കയർ സഹകരണസംഘം പുനസ്സംഘടിപ്പിച്ചതിനെപ്പറ്റി പറഞ്ഞല്ലോ. പുതിയ ഗവൺമെൻറ് വന്നതിനുശേഷം ശ്രീ. കോയ അധികാരമേറ്റെടുത്തതിനുശേഷം പ്ലാൻറേഷൻ കോർപ്പറേഷന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ പുനസ്സംഘടിപ്പിച്ചു. ഇന്നലെ വരെ കൂടെയുണ്ടായിരുന്ന സി. പി. ഐ. യുടെയും ആർ. എസ്. പി. യുടെയും പ്രതിനിധികളെ മാറ്റികൊണ്ട് പുനസ്സംഘടിപ്പിക്കാൻ മറന്നു പോയിട്ടില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. സി. എ. കുര്യൻ: കഴിഞ്ഞകാല ഗവൺമെൻറ് ചെയ്ത നല്ല കാര്യങ്ങളും ഓരോരുത്തരുടെ സൗകര്യത്തിനുവേണ്ടി മാറ്റാനായിട്ടുള്ള നടപടിയുടെ ആരംഭമാണ് ചൂണ്ടിക്കാണിക്കുന്നത്.

ശ്രീ. ടി. എച്ച്. മുസ്തഫ: കെയർടേക്കർ മന്ത്രിസഭയുണ്ടായിരുന്ന സമയത്ത് ഈ രാജ്യത്തെ ജനങ്ങളെ വഞ്ചിച്ചുകൊണ്ട് എന്തെങ്കിലും തെറ്റ് ചെയ്തിട്ടാണ് പുറത്തുപോയിട്ടുള്ളതെങ്കിൽ അത് തിരുത്തണമെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം.

ശ്രീ. സി. എ. കുര്യൻ: ഭരണകക്ഷിയിലെ എല്ലാ നേതാക്കൻമാരേയും വിളിച്ചുവരുത്തി കമ്മ്യൂണിസ്റ്റുപാർട്ടി എടുത്ത തീരുമാനം വിശദമാക്കിയിട്ടുണ്ട്. ആരോടും മിണ്ടാതെ ഒരു സുപ്രഭാതത്തിൽ ഓടിമറഞ്ഞതു പോലെ ഞങ്ങളാരും ചെയ്തിട്ടില്ല.

ശ്രീ. പി. കെ. ശ്രീനിവാസൻ: തക്കസമയത്ത് പി. കെ. വി. മന്ത്രിസഭ ഈ ബില്ലുകളൊന്നും പാസ്സാക്കിയില്ലെന്ന് പറഞ്ഞു. ശങ്കരൻകുട്ടിയും പി. ബി. ആർ. പിള്ളയും അതാണ് പറഞ്ഞത്. അവർ രണ്ടുപേരും തക്കസമയത്ത് ചെയ്യേണ്ട കാര്യങ്ങളും ചെയ്തവരാണോ?

ശ്രീ. പി. ബി. ആർ. പിള്ള: ബഹുമാനപ്പെട്ട ശ്രീനിവാസൻ സന്ദർഭം തന്നിരുന്നെങ്കിൽ ചെയ്യാമായിരുന്നു.

ശ്രീ. സി. എ. കുര്യൻ: പി. ബി. ആർ. പിള്ളയേയും ശങ്കരൻകുട്ടിയേയും പോലെയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം എന്തോ ഒരു വിശ്വാസമുണ്ട്. കാരണം ഈ രാജ്യത്തെ തൊഴിലാളി പ്രസ്ഥാനത്തിന് ഭാവിയിലെങ്കിലും അവർക്ക് നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന പ്രതീക്ഷയുണ്ട്.

ശ്രീ. ഒ. ലൂക്കോസ്: പല ഭാഗത്തുനിന്നും ഈ മാതിരിയുള്ള ചോദ്യങ്ങൾ വരുന്ന സ്ഥിതിക്ക് സ്വരം നന്നായിരിക്കുമ്പോൾ തന്നെ പാട്ട് നിർത്തുന്നതാണ് നല്ലതെന്ന കാരണവൻമാരുടെ അഭിപ്രായത്തോട് കുര്യൻ യോജിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: എനിക്കു പാടാനും ആടാനും അറിയത്തില്ല. ചിലർക്ക് പാടാനും ആടാനും അറിയാം, വേണ്ടിവന്നാൽ ഓടാനും അറിയാം. സർ, അതുകൊണ്ട് ഗവൺമെൻറിന് നയം ഇല്ല എന്നു പ്രഖ്യാപിച്ചതിനുശേഷം പോലീസിനു കൂടുതൽ അധികാരങ്ങൾ കൊടുക്കുക എന്നുള്ളത് ഒരു പ്രധാനപ്പെട്ട നയമാണ്. ആ നയംമൂലം പോലീസിനു കൂടുതൽ അധികാരം കിട്ടിയാൽ തീർച്ചയായും അത് ഈ രാജ്യത്ത് കശുവണ്ടി മുതലാളിമാർക്കെതിരായി ഉപയോഗിക്കുമെന്ന് എനിക്കു വിശ്വസിക്കാൻ കഴിയില്ല. ഈ രാജ്യത്ത് പ്രമാണിമാർക്കെതിരായിട്ട് പോലീസ് അത് ഉപയോഗിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഈ നിയമം തീർച്ചയായും പാസ്സാക്കിയാൽ പാവപ്പെട്ടവരുടെ കുടിലുകളിൽ അർദ്ധരാത്രിയിൽ കടന്നുചെന്ന് അവരെ കൈയേറ്റം ചെയ്യുന്നതിനും കൈയാമം വയ്ക്കുന്നതിനും അവസരം ഉണ്ടാക്കിക്കൊടുക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട്ടുവച്ച് പ്രസംഗിച്ചിട്ടുണ്ട്, ഈ ഗവൺമെൻറ് പാവങ്ങൾക്കുവേണ്ടിയുള്ള ഗവൺമെൻറാണെന്ന്. പാവങ്ങൾക്കുവേണ്ടിയുള്ള ഗവൺമെൻറാണെങ്കിൽ തീർച്ചയായും ഈ ബിൽ പാസ്സാക്കാൻ അനുവദിക്കരുത്. സർ, ഇത് ഒരു ഉരകല്ലാണ്. കൂടുതൽ അധികാരങ്ങൾ കിട്ടിക്കഴിഞ്ഞാൽ ഈ രാജ്യത്ത് പാവപ്പെട്ടവരുടെ മുതുകിൽ പോലീസുകാർ കൈയേറും. അതാണ് ചരിത്രം. ഈ ബിൽ പാസ്സാക്കരുത് സർ. ഇപ്പോൾ ആന്ധ്രയിൽ ഒരു ബിൽ പാസ്സായിട്ടുണ്ട്. ഗുണ്ടകളാണ് ആന്ധ്രയിൽ ഭരിക്കുന്നതെന്നുള്ള കാര്യം നമുക്കൊക്കെ അറിയാവുന്നതാണ്. ഗുണ്ടകൾ എന്നുള്ള നിർവചനത്തിൻെറ അടിസ്ഥാനത്തിൽ ആരേയും അകത്താക്കാം. അങ്ങനെ വന്നുകഴിഞ്ഞാൽ പി. ബി. ആർ. പിള്ള അടക്കമുള്ള ആളുകൾ പലരും അകത്തുതന്നെയായിരിക്കും.

ശ്രീ. പി. ബി. ആർ. പിള്ള: നിങ്ങൾ എല്ലാവരുംകൂടി ഒന്നായിരുന്ന കാലത്ത് അകത്താക്കിയിട്ടില്ലേ? ഇനിയും നിങ്ങൾ ഒന്നാകുന്ന കാലത്ത് അകത്താകേണ്ടത് ഞങ്ങളൊക്കെയാണെന്ന് ഞങ്ങൾക്കുതന്നെ അറിയാം.

ശ്രീ. സി. എ. കുര്യൻ: എന്നാൽ നമുക്കെല്ലാം ഒന്നിച്ചുപോകാം.

ശ്രീ. ടി. എച്ച്. മുസ്തഫ: നിങ്ങളുടെ നേതാവ് പി. കെ. വി. അവതരിപ്പിച്ചത് ആരെയൊക്കെ അകത്താക്കാൻ ഉദ്ദേശിച്ചുകൊണ്ടാണെന്നു ഒന്നു പറയാമോ?

ശ്രീ. സി. എ. കുര്യൻ: ഭേദഗതി കൊടുത്തതിൻെറ അടിസ്ഥാനത്തിൽ ആണല്ലോ സംസാരിക്കുന്നത്. അതല്ലേ ഞാൻ പറയുന്നത്; ഭരണകക്ഷിയിൽ ഈ ബില്ലിൻെറ കാര്യങ്ങളോട് യോജിപ്പ് ഇല്ലാതാക്കാനല്ലേ അങ്ങനെ ചെയ്തത്. അല്ലെങ്കിൽ ഇത് ചെയ്യുമോ?

ശ്രീ. ടി. എച്ച്. മുസ്തഫ: കരുണാകരൻ അല്ല, പി. കെ. വാസുദേവൻ നായരാണ് ഇത് ഇവിടെ കൊണ്ടുവന്നത്.

ശ്രീ. സി. എ. കുര്യൻ: കൊണ്ടുവന്നത് ശരിയാണ്. നിയമസഭാ സാമാജികൻ എന്ന നിലയിൽ കൊണ്ടുവന്നതെല്ലാം കൈപൊക്കി പാസ്സാക്കണമെന്നില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇതിനകത്ത് ചില അഭിപ്രായ സ്വാതന്ത്ര്യങ്ങളെല്ലാം ഉണ്ട്. അല്ലാതെ മുകളിൽനിന്ന് ഒരാൾ പറയും ഉടനെ അത് കേട്ടിട്ട്....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എച്ച്. മുസ്തഫ: ഇത് ചർച്ചചെയ്യാതെ പാസ്സാക്കിത്തരണമെന്ന് അന്ന് ശ്രീ. പി. കെ. വി. അഭ്യർത്ഥിച്ചു.

ശ്രീ. സി. എ. കുര്യൻ: ആന്ധ്രയിൽ ഗുണ്ടകളെ അകത്താക്കാൻ നിയമം കൊണ്ടുവന്നിരിക്കുകയാണ്. ഗുണ്ടകളുടെ പേരിൽ തൊഴിലാളി പ്രവർത്തകരെ ഉൾപ്പെടുത്താം, രാഷ്ട്രീയ പ്രവർത്തകരെ ഉൾപ്പെടുത്താം, രാഷ്ട്രീയ വിരോധം ഉള്ളവരെ ഉൾപ്പെടുത്താം. അങ്ങനെ അനാതുകാലത്ത് ആരൊക്കെ വേണമെന്നു തീരുമാനിച്ചാൽ അവരെയൊക്കെ അകത്താക്കാം. സർ, ഇവിടെ ഗവൺമെൻറ് നയം പ്രഖ്യാപിക്കുവാൻ ചാടി എണീറ്റത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അല്ലായിരുന്നു. ഞാൻ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട കരുണാകരൻ ആയിരുന്നു ചാടി എണീറ്റത്. ആ നിലയ്ക്ക് ആന്ധ്രയിൽ ഗുണ്ടകളെ അകത്താക്കാൻ നിയമം കൊണ്ടുവന്നതുപോലെ കൂടുതൽ കർശനമായ നിയമം ഇവിടെയും കൊണ്ടുവരുമെന്ന് ഞങ്ങൾക്ക് ആശങ്കയുണ്ട്. അങ്ങനെയുള്ളവരുടെ സഹായത്തോടുകൂടി, സഹകരണത്തോടുകൂടി നിൽക്കുന്ന ഒരു ഗവൺമെൻറിനെ ഈ രാജ്യത്ത് തൊഴിലാളി പ്രസ്ഥാനത്തിന് എന്തു ചെയ്യാൻ കഴിയും. തൊഴിലാളികൾക്ക് ബോണസ് നിഷേധിച്ചത് നിങ്ങളുടെ നേതാവല്ലേ? തൊഴിലാളിവർഗ്ഗത്തിനെതിരായി നിയമം കൊണ്ടുവന്നത് നിങ്ങളുടെ നേതാവല്ലേ?

ശ്രീ. ടി. എച്ച്. മുസ്തഫ: അന്ന് ആ സന്ദർഭത്തിൻ ഈ കസേരയിൽ ഇരുന്നത് നിങ്ങളുടെ നേതാവായ സഖാവ് അച്യുതമേനോൻ ആയിരുന്നു എന്നുള്ള കാര്യം ഓർക്കുന്നുണ്ടോ? അടിയന്തിരാവസ്ഥ ആദ്യാവസാനം നടപ്പാക്കാൻ കേരളത്തിൽ നേതൃത്വം കൊടുത്ത അന്നത്തെ ഗവൺമെൻറിൻെറ മുഖ്യമന്ത്രി സഖാവ് അച്യുതമേനോൻ ആയിരുന്നു എന്നുള്ള കാര്യം മറന്നു പോയോ?

ശ്രീ. സി. എ. കുര്യൻ: അന്ന് ബോണസ് കൊടുക്കേണ്ടതില്ല എന്ന നിയമം കൊണ്ടുവന്നിട്ടും, കേരളത്തിൻെറ മണ്ണിലെ തൊഴിലാളികൾക്ക് ഗവൺമെൻറ്.....

(ബഹളം)

ശ്രീ. പി. ബി. ആർ. പിള്ള: ഞങ്ങളല്ല, സഖാവ് അച്യുതമേനോനാണ്. അടിയന്തിരാവസ്ഥയിൽ ഇന്ദിരാഗാന്ധിയും കേന്ദ്രഗവൺമെൻറും എടുത്ത നയങ്ങൾ കേരള നിയമസഭയിൽ വിശദീകരിക്കുകയും അത് ഇംപ്ലിമെൻറ് ചെയ്യാനുള്ള ഇംപ്ലിമെൻേറഷൻ കമ്മിറ്റിയുടെ ചെയർമാനായി ഇരുന്നുകൊണ്ട് കേരളത്തിൽ അത് ഇംപ്ലിമെൻറ് ചെയ്യുകയും ചെയ്തത് നിങ്ങളുടെ നേതാവ് സഖാവ് അച്യുതമേനോനാണ്.

ശ്രീ. സി. എ. കുര്യൻ: സർ, അടിയന്തിരാവസ്ഥക്കാലത്ത് തൊഴിലാളിവർഗ്ഗത്തിൻെറ ബോണസ് തട്ടിപ്പറിച്ച് നിർബന്ധ നിക്ഷേപ പദ്ധതി കൊണ്ടുവന്നു. ഇങ്ങനെയുള്ള തെറ്റുകൾ ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഈ രാജ്യത്ത് തൊഴിലാളിവർഗ്ഗം കൊടിയുടെ നിറം നോക്കാതെ ഒന്നിച്ചു സംഘടിച്ചു. ഇൻഡ്യയിലെ തൊഴിലാളിവർഗ്ഗം ഒന്നിച്ച് ആവശ്യപ്പെട്ടത് അംഗീകരിച്ചുകൊടുത്തത് കേരളത്തിലെ ഐക്യമുന്നണി ഗവൺമെൻറ് ആയിരുന്നു എന്നുള്ളത് മറന്നുപോകരുത്.

ശ്രീ. പി. ബി. ആർ. പിള്ള: തൊഴിലാളിവർഗ്ഗത്തിന് ബോണസ്സല്ല അടിയന്തിരാവസ്ഥയാണ്, ഇരുപതിന പരിപാടിയാണ് ആവശ്യം

LIBRARY ARCHIVES Kerala Legislative Assembly

എന്ന് കുര്യന്റെ പാർട്ടിയും കുര്യന്റെ അന്നത്തെ നേതാവ് അച്യുത മേനോനും പറഞ്ഞ കാര്യം ഇത്ര പെട്ടെന്ന് മറന്നുപോയോ?

ശ്രീ. സി. എ. കുര്യൻ: സഖാവ് അച്യുതമേനോൻ അങ്ങനെയൊന്നും പറഞ്ഞില്ല.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ബോണസ് നഷ്ടപ്പെട്ടാലും അടിയന്തിരാവസ്ഥ കൊണ്ടുവന്നതിൽ രാജ്യത്ത് നേട്ടം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ബോണസ് നിയമം പിൻവലിക്കണമെന്നു പറഞ്ഞത് ശ്രീ. ഡാങ്കേ ആയിരുന്നു. അദ്ദേഹം താങ്കളുടെ നേതാവായിരുന്നു എന്ന് ഓർമ്മയുണ്ടോ?

ശ്രീ. സി. എ. കുര്യൻ: സഖാവ് ഡാങ്കേ എന്റെ നേതാവാണെന്ന് ഞാൻ ആണയിട്ടു പറയുന്നു. പക്ഷേ നിങ്ങൾ മനസ്സിലാക്കേണ്ടത് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലൊക്കെയും തൊഴിലാളികൾക്ക് ബോണസ് നിഷേധിച്ച അവസരത്തിൽ കേരളത്തിലെ തൊഴിലാളിവർഗ്ഗത്തിന്റെ ആവശ്യങ്ങളെല്ലാം നിറവേറ്റിക്കൊടുത്തത് ഇവിടത്തെ ഐക്യമുന്നണി ഗവൺമെന്റായിരുന്നു എന്നുള്ള കാര്യം മറന്നുപോകരുത്. ഇപ്പോൾ ബഹുമാനപ്പെട്ട മുസ്തഫ ചോദിച്ചു അടിയന്തിരാവസ്ഥക്കാലത്ത് തൊഴിലാളികളുടെ ബോണസ് പിടിച്ചുപറിച്ചത് ആരായിരുന്നുവെന്ന്. അത് അച്യുതമേനോൻ അല്ല ശ്രീമതി ഇന്ദിരാഗാന്ധി ആണെന്നുള്ളത് നിങ്ങൾ തന്നെ അംഗീകരിച്ചു. ഐ.എൻ.ടി.യു.സി. ജനറൽ സെക്രട്ടറി ശ്രീമാൻ രാമാനുജൻതന്നെ പറഞ്ഞു, ആ നിയമം അംഗീകരിക്കണം എന്ന്.

ശ്രീ. ടി. എച്ച്. മുസ്തഫ: അന്ന് അടിയന്തിരാവസ്ഥയെ ന്യായീകരിച്ചുകൊണ്ടും ബോണസ് ഓർഡിനൻസിനെ ന്യായീകരിച്ചുകൊണ്ടും സഖാവ് അച്യുതമേനോൻ സഭയിൽ ചെയ്തിട്ടുള്ള പ്രസംഗം നിയമസഭാ പ്രൊസീഡിംഗ്സിലുണ്ട്. സഖാവ് അച്യുതമേനോന്റെ നയപ്രഖ്യാപന പ്രസംഗം അങ്ങനെയിരിക്കെ, അങ്ങനെ അല്ല എന്നു പറഞ്ഞ് രാജ്യത്തേയും ഈ സഭയേയും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത് ഓർഡറിലാണോ?

ശ്രീ. സി. എ. കുര്യൻ: അടിയന്തിരാവസ്ഥയുടെ ന്യായീകരണത്തെക്കുറിച്ചല്ല ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത്. അടിയന്തിരാവസ്ഥയിൽ തൊഴിലാളിവർഗ്ഗത്തിനെതിരെ നിയമം കൊണ്ടുവന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഗവൺമെന്റിന്റെ ആ നയങ്ങൾക്കെതിരായിട്ട് അൽപ്പമെങ്കിലും ഇളകി പ്രവർത്തിച്ചത് കേരളത്തിലെ- ഐക്യമുന്നണി ഗവൺമെന്റ് ആയിരുന്നു എന്നത് ഞാൻ ആണയിട്ടു പറയുന്നു. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? സർ, ബോണസ്സിനുവേണ്ടി സമരം നടത്തുന്നിടത്ത് പോലീസ് വരരുത്. കശുവണ്ടി തൊഴിലാളികൾ നാളെ സമരം നടത്തിക്കഴിഞ്ഞാൽ ഒരു പാക്കറ്റ് കശുവണ്ടി പോക്കറ്റിൽ വച്ചുകഴിഞ്ഞാൽ തൊണ്ടിസാധനം എന്നുപറഞ്ഞ് എടുക്കരുത്. അതുമൂലം ഈ രാജ്യത്ത് തൊഴിലാളിവർഗ്ഗത്തിന്റെ അവകാശം—സമരം ചെയ്യുവാനുള്ള അവകാശം—നിഷേധിക്കരുത്. തൊഴിലാളിസമരത്തെ അടിച്ചമർത്തുകയില്ല എന്നുള്ളതായിരിക്കണം ഈ ഗവൺമെന്റിന്റെ പ്രഖ്യാപനം.

സർ, മാതൃഭൂമി പത്രത്തിന്റെ കാര്യം ഞാൻ പറഞ്ഞു. അതേക്കുറിച്ച് ഈ ഗവൺമെന്റ് അനങ്ങാത്തതെന്ത്? അതിലെ ഡയറക്ടർ ബോർഡിലെ

LIBRARY ARCHIVES Kerala Legislative Assembly

ജനതാപാർട്ടിയിലെ ചില ആളുകളെ പ്രീണിപ്പിക്കുന്നതിനുവേണ്ടി ആയിര ക്കണക്കിനു തൊഴിലാളികളെ പട്ടിണിയിലാക്കാൻ ഒരു പത്തു തൊഴി ലാളികളം സമരം നടത്തുമ്പോൾ മന്ത്രി ഇടപെട്ടുകൊണ്ട് കോൺഫറൻസ് വിളിക്കുന്ന പാരമ്പര്യം കേരളത്തിൽ ഉണ്ട്.

ശ്രീ. പി ബി. ആർ. പിള്ള: സർ, ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ. ജനയുഗത്തിലെ ജീവനക്കാർക്ക് കൊടുക്കുന്ന ബോണസ്സിനെയും വേതന ത്തെയുംകാൾ കൂടുതൽ ബോണസ്സും വേതനവും മാതൃഭൂമി ജീവന ക്കാർക്ക് നൽകുന്നുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. സി. എ. കുര്യൻ: ഞാൻ ആരുടെയും വക്കാലത്തിനുവേണ്ടി വന്നതല്ല.

ശ്രീ. ഇ. അഹമ്മദ്: സർ, ഞാൻ ക്ലോഷർമോഷൻ മൂവ് ചെയ്യുക യാണ്. (ബഹളം).....Sir, a point of order. I may be permitted to move the Closure as per Rule 282 of the Rules of Procedure. I may be permitted to read the Rule 282. "At any time after a motion has been made any member may move, "That the question be now put". That means under this Rule any member is entitled to move a Closure at any time. The Speaker has to decide whether the discussion was sufficient on the point. So I move the Closure motion. Am I not entitled to move the motion for Closure? That is the question.

Mr. Chairman: At any time under Rule 282 any member has got the right to move a Closure motion.

ശ്രീ. സി. എ. കുര്യൻ: ഞാൻ ഇരിക്കാതെ ഒരു ക്ലോഷർമോഷൻ മൂവ് ചെയ്യാൻ അവകാശമില്ല എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

മി. ചെയർമാൻ: ഇവിടെ വ്യക്തമായി നിയമത്തിൽ പറഞ്ഞിരിക്കുന്ന തനുസരിച്ച് ഏതു സമയത്തുവേണമെങ്കിലും ഒരു മെമ്പർക്ക് ക്ലോഷർ മോഷൻ മൂവ് ചെയ്യാനുള്ള അവകാശമുണ്ട്. അതനുസരിച്ച് ഇപ്പോൾ ഇവിടെ ക്ലോഷർമോഷൻ സഭയുടെ മുൻപിൽ മൂവ് ചെയ്തിരിക്കുകയാണ്.

(ബഹളം)

Sri E. Ahamed: Sir, I may be permitted to speak. I have now moved a Closure and it is upto the Speaker to decide.

ശ്രീ. സി. എ. കുര്യൻ: ഞാൻ സംസാരിച്ചുകൊണ്ടിരുന്ന അവസര ത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ച താണ്. ക്ലോഷർമോഷൻ കൊണ്ടുവന്നിട്ടില്ല. അതുകൊണ്ട് എന്റെ പ്രസംഗം തുടരാൻ അനുവദിക്കണം.

(ബഹളം)

ശ്രീ. പി. ജെ. ജോസഫ്: ഒരു മെമ്പർക്ക് എത്ര മണിക്കൂർ വേണമെ ങ്കിലും സംസാരിക്കാമെന്നുള്ള സ്ഥിതിയിരിക്കെ സംസാരിച്ചുകൊണ്ടിരി ക്കുമ്പോൾതന്നെ ക്ലോഷർ മൂവ് ചെയ്യാനുള്ള അവകാശമുണ്ട്. 'at any time' എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

(Mr. Speaker in the Chair)

Mr. Speaker: I am giving him two minutes more.

ശ്രീ. സി. എ. കുര്യൻ: ബഹുമാനപ്പെട്ട പി. ബി. ആർ. പിള്ള ചോദ്യം ഉന്നയിച്ചത്, മാതൃഭൂമിയിലെ ജീവനക്കാരുടെ ബോണസ്സിനെക്കുറിച്ചുള്ള കാര്യമാണ്. പക്ഷെ മാതൃഭൂമിയിലെ സമരം ബോണസ്സിനു വേണ്ടിയല്ല എന്ന് അദ്ദേഹം മനസ്സിലാക്കണം. എക്സിക്യൂട്ടീവ് ജീവനക്കാർക്ക് മാനേജ്മെൻറ് ഏകപക്ഷീയമായി ശമ്പളവർദ്ധനവ് കൊടുത്തു. ആ ശമ്പളവർദ്ധനവിൻെറ തോതിൽ മറ്റ് വർക്കിംഗ് ജേർണലിസ്റ്റിനും കൊടുക്കണമെന്നുള്ളതാണ് അവർ ഉന്നയിക്കപ്പെട്ട ആവശ്യം. മാനേജ്മെൻറ് എക്സിക്യൂട്ടീവ് സ്റ്റാഫിന് കൂടുതൽ ശമ്പളം ഏകപക്ഷീയമായി കൊടുക്കുന്ന അവസരത്തിൽ അദ്ധ്വാനിക്കുന്ന വർക്കിംഗ് ജേർണലിസ്റ്റിനുംകൂടി അതനുസരിച്ച് കൊടുക്കണമെന്നുള്ള ക്യാര്യമാണ് അവർ ഉന്നയിച്ചത്. അതു നിഷേധിച്ചതുകൊണ്ടാണ്, അതിനെക്കുറിച്ച് മുദ്രാവാക്യം മുഴക്കിയതുകൊണ്ടാന്ന് മാതൃഭൂമി അടച്ചുപൂട്ടിയത്. അതുപോലെ മറ്റൊരു കാര്യമുണ്ട്. നമ്മുടെ പോലീസ് സേനയിൽ പ്രത്യേകിച്ചും ഭാഷാന്യൂനപക്ഷങ്ങൾക്ക് തമിഴ് ഭാഷ, കർണ്ണാടക ഭാഷ ഇവ സംസാരിക്കുന്നവർക്ക് വേണ്ട പ്രാതിനിധ്യമില്ല. ഞങ്ങളുടെ ഇടുക്കി ജില്ലയിൽപോലും പ്രാതിനിധ്യമില്ല. പോലീസുകാരോട് തമിഴിൽ പറഞ്ഞുകഴിഞ്ഞാൽ അവർക്ക് മനസ്സിലാകുന്നില്ല. മലയാളത്തിൽ മാത്രമേ അവിടത്തെ പോലീസുകാർക്ക് സംസാരിക്കാൻ അറിയുകയുള്ളു. സർ, പാവപ്പെട്ട ഒരു തൊഴിലാളി തമിഴിൽ ഒരു പെറ്റീഷൻ കൊണ്ടുചെന്നാൽ ഉടനെ ചോദിക്കും 'എന്നപ്പായിത' 'അയ്യാ ഇത് പെറ്റീഷൻ താൻ ആമ' എന്നു പറഞ്ഞാൽ, ഏതുക്കടെ ആമ എന്നു പറഞ്ഞ് ഒന്ന് ഒതയ്ക്കും. അതുകൊണ്ട് പോലീസുകാരെ എടുക്കുന്ന അവസരത്തിൽ ഈ ഭാഷന്യൂനപക്ഷത്തിനുകൂടെ പ്രാതിനിധ്യം കൊടുക്കണം. അല്ലെങ്കിൽ തൊണ്ടിമുതലൊക്കെ ഈ പാവപ്പെട്ടവൻെറ മേൽവരും. തൊണ്ടിസാധനങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകളെ കസ്റ്റഡിയിലെടുക്കാൻ ഇന്നു നിയമമുണ്ട്. പോലീസുകാർ വിചാരിച്ചാൽ തൊണ്ടിമുതൽ കൈവശം വച്ചിരിക്കുന്നവൻ പ്രതിയാകും, വാദിയാകും, സാക്ഷിയാകും. അപ്പോൾ കൂടുതൽ അധികാരം കൊടുത്തുകഴിഞ്ഞാൽ ഈ രാജ്യത്ത് പോലീസിന് ഉൽസവമായിരിക്കും. യാതൊരു നയവുമില്ലാത്ത സാഹചര്യത്തിൽ കയറൂരിവിട്ടുകഴിഞ്ഞാൽ, ഈ രാജ്യത്ത് പോലീസ് പാവപ്പെട്ടവൻെറ, സാധാരണക്കാരൻെറ മുതുകിൽ കയറും. പണക്കാർക്കും, ജൻമിമാർക്കും, പ്രഭുക്കൾക്കും ഭൂസ്വാമികൾക്കും ഒന്നും ഒരു കുഴപ്പവും ഉണ്ടാവുകയില്ല. പാവപ്പെട്ടവൻെറ, കഷ്ടപ്പെടുന്നവൻെറ, തൊഴിലാളികളുടെ, അവൻെറ നിറം നോക്കി, അവൻെറ ഭാഷനോക്കി കൈകാര്യം ചെയ്യുന്ന പോലീസുകാർ നമ്മുടെ രാജ്യത്ത് ഉള്ളതുകൊണ്ട് അവർക്ക് കൂടുതൽ അധികാരം കൊടുക്കുന്ന നിയമം ശരിയല്ല, അതുകൊണ്ട് ഈ നിയമം ആരുകൊണ്ടുവന്നാലും, കഴിഞ്ഞകാലഗവൺമെൻറ് കൊണ്ടുവന്നാലും, ഇപ്പോഴത്തെ പുതിയ ഗവൺമെൻറ് കൊണ്ടുവന്നെങ്കിൽത്തന്നെയും ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്ന അടിസ്ഥാനത്തിൽ—കഴിഞ്ഞകാല ഗവൺമെൻറിൻെറ നയമല്ല എന്നു പറഞ്ഞതിൻെറ അടിസ്ഥാനത്തിൽ—കഴിഞ്ഞകാല ഗവൺമെൻറ് എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അത് തിരുത്താനായിട്ട് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. അതുകൊണ്ട് ഈ ബില്ല് പിൻവലിക്കണമെന്ന് ദയവായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The question that the Bill be taken into consideration.

(ബഹളം)

ശ്രീ. കെ. അനിരുദ്ധൻ: സർ, ഞങ്ങൾക്കുകൂടി സംസാരിക്കാനുണ്ട്. അമൻറ്മെൻറ് കൊടുത്ത പലർക്കും സംസാരിക്കാനുണ്ട്.

മി. സ്പീക്കർ: ഇവിടെവച്ച് അവസാനിപ്പിക്കാം. അദ്ദേഹത്തിന് സംസാരിക്കാൻ രണ്ടുമിനിട്ടുകൂടി കൊടുക്കാമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ സമ്മതിച്ചത്.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഒരു ക്ലോഷർമോഷൻ വന്നാൽ സഭയുടെ സെൻസ് എന്താണെന്ന് മനസ്സിലാക്കണം പിന്നീടേ പ്രൊസീഡ് ചെയ്യാൻ പാടുള്ളൂ. ആ ക്ലോഷർ മോഷൻ അവതരിപ്പിച്ച അവസരത്തിൽ ആണ് ഇവിടെ പ്രസംഗിക്കേണ്ടിവന്നത്; വീണ്ടും സംസാരിച്ചത്. ആ ക്ലോഷർ മോഷൻ അംഗീകരിച്ചിട്ടില്ല. ആ ക്ലോഷർ മോഷൻ അംഗീകരിക്കാതെ ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ച അവസാനിപ്പിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: ഞാൻ അത് മനസ്സിലാക്കിയിട്ടുതന്നെയാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചുകഴിയട്ടെ. ബാക്കിയുള്ളവരും ആ നില മനസ്സിലാക്കിയെന്നാണ് എന്റെ വിശ്വാസം. ഇവിടെ ഞാൻ പ്രത്യേകമായി രണ്ടുമിനിട്ടുകൂടി അദ്ദേഹത്തിന് കൊടുത്തു എന്നുള്ളതേയുള്ളൂ.

ശ്രീ. എം. കെ. കൃഷ്ണൻ: ക്ലോഷർ മോഷൻ സഭ അംഗീകരിക്കണം. അങ്ങനെയാണെങ്കിൽപ്പോലും ഇവിടെ അവതരിപ്പിക്കാതെ, അവതരിപ്പിക്കാൻ പോകുന്നുവെന്ന് ശ്രീ. അഹമ്മദ് പറഞ്ഞ ആ ക്ലോഷർ മോഷൻ ഈ സഭയുടെ സെൻസ് അനുസരിച്ച് സഭ അംഗീകരിക്കണം.

ശ്രീ. ഇ. പി. ഗോപാലൻ; സർ, ഈ സഭയുടെ മുൻപാകെ ഒരു ക്ലോഷർ മോഷൻപോലും ഇല്ലെന്നുള്ളതാണ് വസ്തുത.

ശ്രീ. ഇ. അഹമ്മദ്: സഭയുടെ മുൻപിൽ ക്ലോഷർ മോഷൻ ഉണ്ട്.

ശ്രീ. പി. എം. അബൂബക്കർ: ക്ലോഷർ മോഷനെ സംബന്ധിച്ച് ഹൗസിന്റെ സെൻസ് എടുക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട സ്പീക്കറോട് ഒരു വിനീതമായ അപേക്ഷയുണ്ട്. ഇതിൽ അമെൻറുമെൻറ് കൊടുത്തിട്ടുള്ള ഞങ്ങളുടെ പാർട്ടിയിൽപ്പെട്ടിട്ടുള്ള ആരും ഇതുവരെ സംസാരിച്ചിട്ടില്ല. അതുകൊണ്ട് രണ്ടുമിനിട്ടെങ്കിലും സംസാരിക്കാനുള്ള അവകാശം ഞങ്ങളുടെ ഒരു മെമ്പർക്കെങ്കിലും നൽകണം.

മി. സ്പീക്കർ: ഞാൻ വരുമ്പോൾ ശ്രീ. സി. എ. കുര്യൻ സംസാരിച്ചുകൊണ്ട് നിൽക്കുകയായിരുന്നു. രണ്ടുമിനിട്ടുകൂടി സംസാരിക്കാൻ സമ്മതിക്കാം എന്ന് ഞാൻ പറഞ്ഞതാണ്.

ശ്രീ. ഇ. അഹമ്മദ്: സർ, റൂൾ 282 പ്രകാരം ക്ലോഷർ മോഷൻ മൂവ് ചെയ്തു. ഹൗസിന്റെ സെൻസ് നോക്കിയിട്ട് ബഹുമാനപ്പെട്ട സ്പീക്കറാണ് അത് തീരുമാനിക്കേണ്ടത്. ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ രണ്ടുമിനിട്ട് കൊടുത്തിട്ട് ക്ലോഷർ എടുക്കാമെന്ന് പറഞ്ഞു. ഇപ്പോൾ ബഹുമാനപ്പെട്ട സ്പീക്കറുടെ അധികാരപരിധിയിലും പരിഗണനയിലുമാണ് ക്ലോഷർ മോഷൻ. അനന്തരനടപടി എടുക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

(സഭയിൽ ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker:: The question is that the closure motion moved by Shri E. Ahammed may be put and carried.—

Sri. A. P. Kurian: Sir I demand a Poll.

A poll was taken, when the house divided as follows:

AYES: 76

1. Shri M. P. M. Abdulla Kurikkal
2. Dr. K. G. Adiyodi
3. Shri E. Ahamed
4. ,, Korampayil Ahammed Haji
5. ,, A. K. Antony
6. ,, Aryadan Muhamed
7. ,, K. Avukaderkutty Naha
8. ,, K. K. Balakrishnan
9. ,, N. K. Balakrishnan
10. ,, Thennala Balakrishna Pillai
11. ,, P. Balan
12. ,, U. A. Beeran
13. ,, P. Bhaskaran
14. ,, N. Bhaskaran Nair
15. ,, K. Chandrasekharan
16. ,, Cyriac John
17. ,, Damodaran Kalasserry
18. ,, N. I. Davassykutty
19. ,, V. Eacharan
20. ,, Eapen Varghese
21. ,, P. R. Francis
22. ,, M. P. Gangadharan
23. ,, K. J. George
24. Dr. George Mathew
25. Shri C. P. Govindan Nambiar
26. ,, M. K. Hemachandran
27. ,, P. K. Ittoop
28. ,, A. L. Jacob
29. ,, T. M. Jacob
30. ,, T. S. John
31. Dr. K. C. Joseph
32. Shri P. C. Joseph

LIBRARY ARCHIVES Kerala Legislative Assembly

33. Shri P. J. Joseph
34. ,, V. J. Joseph
35. ,, K. Karunakaran
36. ,, Kittappa Narayanaswamy
37. ,, Panarath Kunhimohammed
38. ,, P. T. Kunhukutty Haji
39. ,, Thundathil Kunjukrishna Pillai
40. ,, K. V. Kurian
41. ,, Lonappan Nambadan
42. ,, O. Lukose
43. ,, G. P. Mangalathu Madom
44. ,, K. M. Mani
45. ,, M. V. Mani
46. ,, K. A. Mathew
47. ,, N. P. Moideen
48. ,, C. H. Mohamed Koya
49. ,, T. H. Mustafa
50. ,, K. Narayana Kurup
51. ,, E. Narayanan Nair
52. ,, K. S. Narayanan Namboodiri
53. ,, Oommen Chandy
54. ,, K. P. Prabhakaran
55. ,, Vakkom Purushothaman
56. ,, M. K. Raghavan
57. ,, K. Raghavan Master
58. ,, A. A. Rahim
59. ,, P. B. R. Pillai
60. ,, P. R. Kurup
61. ,, K. Sankaranarayanan
62. ,, P. K. Sankarankutty
63. ,, V. T. Sebastian
64. ,, P. Seethi Hajee
65. ,, B. V. Seethi Thangal
66. ,, Sidhardhan Kattungal
67. ,, K. Sukumaranunny
68. ,, C. M. Sundaram
69. ,, R. Sundaresan Nair

LIBRARY ARCHIVES Kerala Legislative Assembly

70. Shri K. K. S. Thangal
71. ,, S. Thankappan Pillai
72. ,, P. J. Thomas
73. ,, S. Varadarajan Nair
74. ,, K. P. Viswanathan
75. ,, Xavier Arakkal
76. ,, Stephen Padua

NOES: 49

1. Shri T. K. Abdu
2. ,, P. M. Abubacker
3. ,, B. M. Abdul Rahiman
4. ,, K. Anirudhan
5. ,, Baby John
6. ,, R. Balakrishna Pillai
7. ,, N. Chandrasekhara Kurup
8. ,, Chatayan Govindan
9. ,, P. K. Chathan Master
10. ,, J. Chitharanjan
11. ,, P. P. Esthose
12. ,, E. P. Gopalan
13. ,, P. Karunakaran
14. ,, E. K. Pillai
15. ,, M. K. Kesavan
16. ,, M. K. Krishnan
17. ,, K. K. Kumara Pillai
18. ,, K. T. Kumaran
19. ,, Kandalottu Kunhambu
20. ,, P. V. Kunhikannan
21. ,, A. P. Kurian
22. ,, C. A. Kurian
23. ,, T. A. Majid
24. ,, P. P. V. Moosa
25. ,, Kallada Narayanan
26. ,, K. Pankajakshan
27. ,, T. A. Paraman
28. ,, K. P. Prabhakaran

LIBRARY ARCHIVES Kerala Legislative Assembly

29. Shri M. V. Raghavan
30. ,, M. V. Rajagopalan
31. ,, V. K. Rajan
32. ,, Kaniyapuram Ramachandran
33. ,, T. K. Ramakrishnan
34. ,, K. P. Raman
35. ,, P. Sankar
36. ,, M. Sathyanesan
37. ,, B. M. Sheriff
38. ,, P. R. Sivan
39. ,, P. K. Sreenivasan
40. ,, P. S. Sreenivasan
41. ,, N. Subramonia Shenoy
42. ,, A. V. Thamarakshan
43. ,, Thyagarajan
44. ,, R. S. Unni
45. ,, K. C. Vamadevan
46. ,, C. Vasudeva Menon
47. ,, P. K. Vasudevan Nair
48. ,, Pinarayi Vijayan
49. ,, A. N. Yusuf

Mr. Speaker:	For the Closure motion	..	76
	Against the Closure motion	..	49
	Neutrals	..	Nil

The motion was declared carried.

The question that the Kerala Police (Second Amendment) Bill, 1979, be taken into consideration was put and carried.

The Bill was taken into consideration.

Clause 2

The question that clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 1, Preample and Title

The question that clause 1, Preample and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Chief Minister **(Shri C. H. Mohammed Koya):** Sir, I move that the Bill may be finally passed.

Minister **(Shri N. Bhaskaran Nair):** Sir, I second it.

ശ്രീ. ഈ. പി. ഗോപാലൻ: സർ, ഈ ബില്ലിന്റെ മൂന്നാംവായന സമയത്ത് ഒരു പ്രധാനപ്പെട്ട സംഗതി ചൂണ്ടിക്കാണിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ മോഷ്ടിച്ച മുതലും സംശയകരമായ അല്ലെങ്കിൽ അവിഹിതമാർഗ്ഗത്തിൽ കൂടി കൈവന്ന മുതലും സൂക്ഷിച്ചുവയ്ക്കുന്നത് കണ്ടെത്തിപ്പിടിച്ച് കുറ്റവാളികളുടെമേൽ തക്ക നടപടികളെടുക്കുന്നതിന് സഹായകരമാകുന്ന ഒരു നിയമമാണ് ഇത്. സാധാരണഗതിയിൽ പരിഷ്കൃതമായ നിയമങ്ങളിൽ സ്ഥാനം പിടിക്കത്തക്ക വിധത്തിലുള്ള ഒരു നിയമമാണ് ഇതെന്ന് ഞാൻ സമ്മതിക്കുന്നു. എന്നാൽ എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ള വസ്തുത, ഞാൻ ഈ അടുത്ത ദിവസം ഷൊർണൂരിൽ പോയ സമയത്ത് അവിടത്തെ ഒരു ബാങ്ക് ഉദ്യോഗസ്ഥൻ തയ്യാറാക്കി കീഴ്ഉദ്യോഗസ്ഥൻമാർക്ക് അയച്ചിട്ടുള്ള ഒരു മെമ്മോറാണ്ടം വായിച്ചതിനെപ്പറ്റിയാണ്. ഷൊർണൂരിൽ കുറെക്കാലമായിട്ട് പോലീസിന് പിടികിട്ടാത്ത ഒരു കേഡിയെ സംബന്ധിച്ച കേസുണ്ട്. അയാൾ ഇപ്പോഴും ഷൊർണൂരിൽ ഉണ്ടെന്നും സ്ഥിരമായി മോഷണം നടത്തുന്നുണ്ടെന്നും ശക്തമായ ജനസംസാരമുണ്ട്. ആ പ്രദേശത്തെ പ്രധാനപ്പെട്ട ഒരു ബാങ്കിലെ മേലുദ്യോഗസ്ഥൻ അച്ചടിച്ച് തന്റെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥൻമാർക്കും എത്തിച്ചുകൊടുത്ത മെമ്മോറാണ്ടത്തിലാണ് ഇത് പറയുന്നത്. അതിൽ പ്രതിയുടെ പേര് എടുത്തുപറയുന്നുണ്ട്. അയാളെ പിടിക്കാൻ സാധിക്കുന്നില്ല. കാരണം കള്ളനെകൊണ്ട് കളവ് നടത്തിക്കുന്നത് ഷൊർണൂരിലെ പോലീസുകാരുടെ സഹായത്തോടുകൂടിയാണെന്ന് പൊതുജനാഭിപ്രായമുണ്ട്. എന്നുവച്ചാൽ അയാൾ നടത്തുന്ന മോഷണത്തിന്റെ കൃത്യമായ ഒരു ഓഹരിപറ്റികൊണ്ട് അയാളെ വച്ചു പുലർത്തുകയും, സ്ഥിരമായി മോഷണം നടത്തുകയും ഒരു ഓഹരി പറ്റുകയും ചെയ്യുന്ന സംഘടിതമായ ഒരു ഏർപ്പാട് പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ആ പ്രദേശത്തെ ഒരു ഉദ്യോഗസ്ഥന്റെ വീട്ടിൽ കളവ് നടത്താൻ ഈ കേഡി വന്നു. അയാൾ കളവ് നടത്തുമ്പോൾ അദ്ദേഹം ഉണരുകയും അയാളുടെ പുറകേ കുറെ ദൂരം ഓടുകയും ചെയ്തുവെങ്കിലും അയാളെ പിടികിട്ടി, കിട്ടിയില്ല എന്നായപ്പോൾ അയാൾ ചാടിപോയി. ശരീരത്തിൽ മുഴുവൻ മെഴുക്കിട്ടുകൊണ്ടാണ് അയാൾ കക്കാൻ പോകുന്നത്. അങ്ങനെയൊരു സാഹചര്യത്തിൽ കട്ട മുതൽ എന്നുമാത്രമല്ല ദുർമാർഗ്ഗത്തിൽകൂടി കിട്ടിയ മുതലാണോ എന്നുപോലും സംശയിക്കുന്നത് കണ്ടുപിടിച്ച് കേസാക്കാൻ ഇങ്ങനെ നടത്തുന്ന വിദ്വാൻമാരെയാണ് ഏൽപ്പിക്കുന്നതെങ്കിൽ ഭഗവാനെ എന്താണ് സ്ഥിതി! അതുകൊണ്ട് പ്രധാനമായി ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. നാം ആരുടെ കൈയിൽ എന്ത് അധികാരമാണ് കൊടുക്കുന്നത്, ആ അധികാരം ഉപയോഗിക്കുന്നതിൽ വാസ്തവത്തിൽ നിയന്ത്രണം വല്ലതും നിലവിലുണ്ടോ എന്നുള്ള കാര്യത്തിൽ കണ്ണ് തുറപ്പിക്കേണ്ട ഒരു അവസ്ഥയാണ് ഉള്ളതെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അതിന് പരിഹാരമെന്തെങ്കിലുമുണ്ടോ, ഉണ്ടാക്കേണ്ട കാര്യമില്ലേ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ എന്തുചെയ്യണം? ആരും ഒരു നടപടിയുമെടുത്തിട്ടില്ലാ ഇതുവരെ. ഇതിനെ സംബന്ധിച്ച് ഐ. ജി. മുതൽ ഇങ്ങോട്ട് താഴെവരെയുള്ള എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിവേദനം കൊടുത്തിരുന്നു. ഒരു അന്വേഷണം പോലും ഇക്കാര്യത്തിൽ നടത്തിയിട്ടില്ല. ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥൻ തന്റെ കീഴ് ഉദ്യോഗസ്ഥൻമാർക്ക് അയച്ചിട്ടുള്ള നിവേദനത്തിൽ പറഞ്ഞിട്ടുള്ള ഒരു ചെറിയ കാര്യത്തെക്കുറിച്ചുപോലും അന്വേഷണം നടത്തിയിട്ടില്ല. എത്ര അപകടകരമാണ് ഈ സ്ഥിതിയെന്നുള്ളത് ആലോചിച്ചു നോക്കണം. ഇതുംകൂടി ചേർത്ത് ചിന്തിക്കുമ്പോഴാണ് ഇത്തരം ഒരു നിയമം നടപ്പാക്കുന്ന അവസരത്തിൽ വളരെ ശ്രദ്ധവേണമെന്ന് പറയേണ്ടിവരുന്നത്. ഏതായാലും കാര്യമായ ആലോചനവേണം, നല്ല ഉദ്ദേശം വേണം കൊണ്ടുവരുന്ന മുതൽ തന്റെ കയ്യിൽ സൂക്ഷിച്ചുകൊള്ളാമെന്ന് പറയുന്ന ആളുകൾ കൂടി ഉൾപ്പെടുന്ന സ്ഥിതിയുണ്ടോ എന്നുകൂടി ആലോചിക്കണം. ഇത് നടപ്പാക്കുന്ന അവസരത്തിൽ എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദ്കോയ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഈ. പി. ഗോപാലൻ ഇവിടെ പറഞ്ഞ അഭിപ്രായങ്ങൾ വളരെ ഗൗരവമുള്ളതാണ്. അക്കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്. ഈ നിയമം വളരെ ലളിതമായ ഒരു നിയമമാണ്. മദിരാശി പോലീസ് ആക്ടിലുള്ള ഒരു വകുപ്പ് കേരളാ പോലീസ് ആക്ടിൽ ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. മോഷണക്കേസിലെ തൊണ്ടിസാധനം കൈവശം വച്ചിട്ടുള്ളവരിൽ നിന്നും അത് പിടിച്ചെടുക്കാനുള്ള ബുദ്ധിമുട്ടും മറ്റും കണക്കിലെടുത്താണ് ഈ നിയമം കൊണ്ടുവന്നത്. പക്ഷെ ഈ നിയമത്തിൽനിന്നും വളരെ ദൂരംപോയി ചില ബഹുമാനപ്പെട്ട മെമ്പർമാർ പലതും പറഞ്ഞു. അതെക്കുറിച്ചൊന്നും എനിക്ക് പറയാനില്ല. ഈ ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

The question that the Kerala Police (Second Amendment) Bill, 1979 be finally passed was put and carried.

The Bill was finally passed.

[Shri T. M. Jacob in the Chair]

(ii) 1979-ലെ കേരള ധനവിനിയോഗ (നമ്പർ 3) ബിൽ

Minister **(Shri N. Bahaskaran Nair):** Sir, I introduce the Kerala Appropriation (No. 3) Bill, 1979.

Mr. Chairman: The Bill stands introduced.

Sri. N. Bhaskaran Nair: Sir, I move that Bill be taken into consideration.

Chief Minister **(Shri C. H. Mohammed Koya):** I second it.

LIBRARY ARCHIVES Kerala Legislative Assembly